# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

വാല്യം 40 ലക്കം ജൂലൈ 2022 വാർഷിക വരിസംഖ്യ ₹ 100




പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



‘ഇതാ ഞാൻ കർത്താവിന്റെ ദാസി’
എന്നു പറഞ്ഞുകൊണ്ട്  വിശ്വാസപൂർവ്വം
വചനം ഏറ്റുവാങ്ങിയ പരിശുദ്ധ അമ്മേ,
അങ്ങയെപ്പോലെ ശുദ്ധവും നിർമലവുമായ
ഹൃദയത്തോടെ വചനം കേട്ട്
ക്ഷമാപൂർവ്വം ഫലം നൽകുന്നവരാകുവാൻ
ഞങ്ങൾക്കായി മാധ്യസ്ഥ്യം യാചിക്കണേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 കൈത്താ ലക്കം ജൂലൈ 2022

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
**എഡിറ്റോറിയൽ ബോർഡ്**
ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**
മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**
**എക്സിക്യൂട്ടീവ് എഡിറ്റർ:**
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**
പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**ജിസ കൂട്ടിയാനിക്കൽ A.O.**
**സിജി കുന്നത്ത് A.O.**
അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ M.A. Mphil**
സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**
ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

വാർഷിക വരിസംഖ്യ ₹ 100/-
കവർ ഡിസൈനിംഗ്, ലേഔട്ട് & പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- ത്രിമാനസഭാവിശ്വാസപാരമ്പര്യം 5
- ഡോമിനിക് സാവിയോ 8
- വേനലിലെ ഫലശേഖരണം 11
- അടിത്തറ പണിയുമ്പോൾ 13
- അപരന്റെ വ്യത്യസ്തതകളെ അംഗീകരിക്കുക, ആദരിക്കുക 13
- റൂത്ത് 17
- മറ്റുള്ളവരുടെ വളർച്ച എന്റെയും 20
- നീ വളർന്നോ? 22
- തൊട്ടാവാടി 23
- പുതുനാമ്പ് 25
- സെനക്കിൾ തരംഗം 26
- കുടുംബം ഫലസമൃദ്ധിയുള്ളതാകുമ്പോൾ 27
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# രക്തസാക്ഷികളാകാം

സകലസൗഭാഗ്യങ്ങളും നിറഞ്ഞ് മുടിചൂടി നിൽക്കുന്ന സഭയെ അനുസ്മരിപ്പിച്ചു കൊണ്ടു വീണ്ടുമൊരു കൈത്താക്കാലം കൂടി ആഗതമായിരിക്കുന്നു. ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ചുടുനിണത്താൽ പോഷിപ്പിക്കപ്പെട്ട സഭ പുറപ്പെടുവിക്കുന്ന ഫലങ്ങ ളെക്കുറിച്ചു ധ്യാനിക്കുവാനാണ് ഈ കാലം നമ്മോട് ആഹ്വാനം ചെയ്യുന്നത്.

സഭാമാതാവു നൽകിയ വിശ്വാസം കൈമോശം വരാതെ കാത്തുസൂക്ഷിച്ചവരാണ് വിശുദ്ധരും രക്തസാക്ഷികളും. ഹൃദയത്തിൽ സ്വീകരിച്ച ദൈവവചനത്തിനനുസൃതമായി നല്ല ഫലം പുറപ്പെടുവിച്ചവർ. ദൈവവചനമാകുന്ന വിത്ത് ഹൃദയത്തിൽ സ്വീകരിച്ചു നല്ല ഫലം പുറപ്പെടുവിക്കുന്നവരാകുവാൻ ഇവരുടെ ജീവിതം നമുക്കു പ്രചോദനമാകണം. ഭാരതസഭയുടെ പ്രഥമ അത്മായ വിശുദ്ധനായ ദൈവസഹായം പിള്ളയും നൈജീരിയയിലും മറ്റും ഈയടുത്ത നാളുകളിൽ രക്തസാക്ഷിത്വം വരിച്ചവരുമൊക്കെ നമ്മോടു പറയുന്നതു വിശ്വാസം മുറുകെപ്പിടിച്ചു ജീവിക്കുന്നവർക്കു ലഭ്യമാകുന്ന നിത്യാനന്ദത്തെപ്പറ്റിയാണ്.

ജീവൻ നഷ്ടപ്പെടാനുള്ള സാധ്യത മുന്നിൽ കണ്ടിട്ടും ദൈവാലയത്തിലെ ദിവ്യബലിയിൽ പങ്കെടുക്കാനെത്തിയവരുടെ വിശ്വാസത്തിന്റെ ആഴം എത്രയോ വലുതാണ്! വിശ്വാസവും പ്രാർത്ഥനകളും ഹൃദയത്തിൽ മാത്രമായി അവർ ഒതുക്കി നിർത്തിയില്ല. ഈലോകജീവിതം നശ്വരമാണെന്നും നിത്യസമ്മാനം അമൂല്യമാണെന്നും ഗ്രഹിച്ചതുകൊണ്ടാണ്, ക്രിസ്ത്യാനി യാണെന്നറിഞ്ഞാൽ കൊല്ലുമെന്നുറപ്പായിരുന്നിട്ടും പരസ്യമായി ദിവ്യബലിയിൽ പങ്കെടു ക്കാൻ അവർ ധൈര്യം കാണിച്ചത്.

തലമുറകളായി കാത്തുസൂക്ഷിച്ചുവന്ന വിശ്വാസം ജീവനേക്കാൾ വിലയുള്ള നിധിയാ ണെന്നു നമ്മുടെയും ജീവിതത്തിലൂടെ തെളിയിക്കപ്പെടേണ്ട കാലം അനതിവിദൂരമല്ല. ചഞ്ച ലചിത്തർക്ക് ഉറപ്പും വരുതലമുറയ്ക്കു മാതൃകയും പ്രചോദനവുമാകുവാനുള്ള വിശ്വാസ ത്തിന്റെ കരുത്ത് ആർജ്ജിച്ചെടുത്തിട്ടുണ്ടോയെന്ന് ഓരോരുത്തരും സ്വയം വിലയിരുത്തട്ടെ. വിശ്വാസത്തിനുവേണ്ടി രക്തം ചിന്തുന്നതു മാത്രമല്ല അനുദിനജീവിതാനുഭവങ്ങളിൽ വിശ്വാസത്തിനു സാക്ഷ്യം നൽകുന്നതും രക്തസാക്ഷിത്വം തന്നെയാണ്. 'രക്തസാക്ഷിത്വം ആഗ്രഹിക്കുക എളുപ്പമാണ്. എന്നാൽ ഓരോ ദിവസവും അതു ജീവിക്കുക പ്രയാസമത്രേ!' എന്നു ദൈവദാസനായ വില്യം ജക്വീന്താ പിതാവു പറയുന്നു.

അതുകൊണ്ട് അനുദിന ജീവിതയാഥാർത്ഥ്യങ്ങൾ ദൈവേഷ്ടപ്രകാരമാക്കുവാനുള്ള പരിശ്രമങ്ങളിൽ ഏറ്റെടുക്കേണ്ടി വരുന്ന സഹനങ്ങളെ പരാതികൂടാതെ സ്വീകരിക്കാം. ഏതു ജീവിതാന്തസ്സിലായിരുന്നാലും ദൈവത്തെ മഹത്ത്വപ്പെടുത്തണമെന്ന ഏകലക്ഷ്യത്തോടെ ജീവിക്കാം. അനുദിനം ദൈവവചനം സ്വീകരിച്ചു ജീവിതത്തിൽ നല്ല ഫലം പുറപ്പെടുവിക്കു ന്നവരാകാം.

ചീഫ് എഡിറ്റർ

# ത്രിമാനസഭാവിശ്വാസപാരമ്പര്യം

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

സഭ ഒരു കൂട്ടായ്മയാണെന്ന കാഴ്ചപ്പാട് രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കിയ ഒരു വസ്തുതയാണ്. ശ്ലീഹന്മാരുടെ മിശിഹാനുഭവത്തിന്റെ പങ്കുവയ്ക്കലാണ് സഭയെ ഒരു കൂട്ടായ്മയായി രൂപപ്പെടുത്തിയത്. വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നൽകുകയും ചെയ്യുന്നു. പിതാവിനോടുകൂടെ ആയിരുന്നതും ഞങ്ങൾക്കു വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോട് പ്രഘോഷിക്കുന്നു. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കു കൂട്ടായ്മയുണ്ടാകേണ്ടതിനാണു ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ, പിതാവിനോടും അവിടുത്തെ പുത്രനായ ഈശോമിശിഹായോടുമാണ്" (1 യോഹ 1,1-3). ഈ കൂട്ടായ്മയിലേക്ക് നമ്മെ പ്രവേശിപ്പിക്കുന്ന കൂദാശ മാമ്മോദീസായാണ്. അതുകൊണ്ടാണ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നാം മാമ്മോദീസാ സ്വീകരിക്കുന്നത്. ഈ കൂട്ടായ്മയുടെ ആഘോഷമാണ് പരിശുദ്ധ കുർബാന. കത്തോലിക്കാസഭയുടെ എല്ലാ കുർബാനയാഘോഷങ്ങളിലും കാണുന്ന ആശീർവ്വാദപ്രാർത്ഥന ഇതു വ്യക്തമാക്കുന്നുണ്ട്: "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും"

### സഭ: സഭകളുടെ കൂട്ടായ്മ

സഭാസമൂഹം വിവിധ പ്രാദേശികസഭകളായി രൂപംകൊണ്ടപ്പോൾ, അത് സഭകളുടെ കൂട്ടായ്മയായിട്ടാണ് രൂപം പ്രാപിച്ചത്. അപ്രകാരം രൂപം പ്രാപിച്ചപ്പോൾ അതിനും ഈ ത്രിത്വാത്മകസ്വഭാവം കൈവരികയുണ്ടായി. ആദിമനൂറ്റാണ്ടുകളിലെ ചരിത്രപരമായ സ്ഥിതിവിശേഷമാണ് അതിനു കാരണമായിത്തീർന്നത്. റോമൻസാമ്രാജ്യത്തിലും പേർഷ്യൻസാമ്രാജ്യത്തിലും സഭ വ്യാപിക്കുകയും അതിൽ റോമൻസാമ്രാജ്യം പാശ്ചാത്യവും പൗരസ്ത്യവുമായി വിഭജിക്കപ്പെടുകയും ചെയ്തു. അതിന്റെ ഫലമായി സഭാകൂട്ടായ്മ 'പാശ്ചാത്യ ലത്തീൻ' (Latin West), പൗരസ്ത്യ ഗ്രീക്ക് (Greek East), പൗരസ്ത്യ സുറിയാനി (Syriac Orient) എന്നീ മൂന്നു സഭാപാരമ്പര്യങ്ങളായി ഉരുത്തിരിയുകയും ചെയ്തു. സഭയുടെ മൗലികഘടകങ്ങൾ, അഥവാ, സഭയുടെ വിശ്വാസത്തിന്റെ വിവിധ പ്രകാശനങ്ങളാണ് ആരാധനക്രമം, ആദ്ധ്യാത്മികത, ശിക്ഷണക്രമം, വിശ്വാസപ്രബോധനം, പ്രാർത്ഥന തുടങ്ങിയവ. സഭയുടെ 'കരടുരേഖ' എന്നറിയപ്പെടുന്ന നടപടി 2,42 ഇവയെ സൂചിപ്പിക്കുന്നതാണ്. സാംസ്കാരിക പശ്ചാത്തലവുമായുള്ള സുവിശേഷത്തിന്റെ പരസ്പരസംഗമത്തിന്റെ ഫലമായി കാലക്രമത്തിൽ ഈ മൂന്നു പാരമ്പര്യങ്ങളിലും വിവിധ 'വ്യക്തിസഭകൾ' അഥവാ 'സ്വയാധികാരസഭകൾ' രൂപംകൊണ്ടു. അപ്രകാരമുള്ള ഇരു

പത്തിനാല് 'വ്യക്തിസഭകൾ' ഇന്ന് ഈ മൂന്നുപാരമ്പര്യങ്ങളിലുംകൂടി കത്തോലിക്കാ സഭയിൽ നിലവിലുണ്ട്. ഇപ്രകാരമുള്ള 'വ്യക്തിസഭകളുടെ' കൂട്ടായ്മയാണ് കത്തോലിക്കാസഭ.

## ത്രിമാനസഭൈക്യസംവാദം

കത്തോലിക്കാസഭാകൂട്ടായ്മയിൽനിന്നും ഓരോ കാലഘട്ടത്തിൽ വിട്ടുപോയ സഭകളുമായി രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ഔദ്യോഗികമായി സഭൈക്യസംഭാഷണങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാശ്ചാത്യ ലത്തീൻ പാരമ്പര്യത്തിലുള്ള പ്രോട്ടസ്റ്റന്റ് സഭകളുമായും പൗരസ്ത്യ ഗ്രീക്കുപാരമ്പര്യത്തിലുള്ള ഓർത്തഡോക്സ് സഭകളുമായും സഭൈക്യഡയലോഗുകൾ നടക്കുമ്പോഴും പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലുള്ള സഭകളുമായി വേണ്ടവിധം ഡയലോഗുകൾ നടപ്പിൽ വരുത്താൻ ഇന്നും സാധിച്ചിട്ടില്ല. അതുംകൂടെ സാധിച്ചാൽ മാത്രമേ സഭൈക്യസംവാദം പൂർണ്ണമായി യാഥാർത്ഥ്യമാവുകയുള്ളൂ. ഈ വസ്തുത അനുസ്മരിപ്പിക്കാനുതകുന്ന ഒരു 'ഐക്കൺ' പുതുതായി രൂപപ്പെടുത്തി 2022 ജൂലൈ മൂന്നാം തീയതി നിരണം സെമിനാരിയിൽ സ്ഥാപിക്കപ്പെട്ടു. മല്പാൻ മാത്യു വെള്ളാനിക്കലച്ചന്റെ നിർദ്ദേശപ്രകാരം ബഹു. ജേക്കബ് കൂരോത്തച്ചൻ തയ്യാറാക്കിയ ഈ ഐക്കൺ ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവാണ് ആശീർവ്വദിച്ച് പ്രതിഷ്ഠിച്ചത്.

## ഐക്കണിന്റെ പ്രത്യേകത




പത്രോസ്, അന്ത്രയോസ്, തോമ്മാ ശ്ലീഹന്മാർ പള്ളികളും അവയുടെ മുകളിൽ പാശ്ചാത്യ ലത്തീൻ, പൗരസ്ത്യഗ്രീക്ക്, പൗരസ്ത്യസുറിയാനി സഭകളെ സൂചിപ്പിക്കുന്ന കുരിശുകളും പിടിച്ചുകൊണ്ടു നില്ക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നതാണ് ഈ ഐക്കണിന്റെ പ്രത്യേകത. രണ്ടാം വത്തിക്കാൻ കൗൺസിലിനെ തുടർന്ന് പാശ്ചാത്യലത്തീൻ സഭയെയും പൗരസ്ത്യഗ്രീക്കുസഭയെയും പ്രതിനിധീകരിച്ചുകൊണ്ട് പത്രോസ്ശ്ലീഹായും അന്ത്രയോസ്ശ്ലീഹായും സാഹോദര്യം പ്രകടിപ്പിക്കുന്ന ചിത്രം ഇന്നും സഭൈക്യകാര്യാലയത്തിൽ സൂക്ഷിക്കുന്നുണ്ട്. എന്നാൽ പൗരസ്ത്യസുറിയാനിപാരമ്പര്യത്തെ പ്രതിനിധീകരിക്കുന്ന തോമാശ്ലീഹാ ആ ചിത്രത്തിലില്ല. അതിന്റെ അർത്ഥം സാർവ്വത്രികസഭയുടെ സഭൈക്യപരിശ്രമങ്ങളിൽ പൗരസ്ത്യസുറിയാനി സഭാപാരമ്പര്യത്തിന് അർഹമായ സ്ഥാനം ഇനിയും ലഭിച്ചിട്ടില്ല എന്നതാണ്. ഈ പശ്ചാത്തലത്തിൽ സാർവ്വത്രികസഭയുടെ സഭൈക്യപരിശ്രമങ്ങളെ കൂടുതൽ ഫലപ്രദവും പൂർണ്ണതയുള്ളതുമാക്കുവാൻ ഈ ഐക്കൺ സഹായകമാകുമെന്നുള്ളതിനു സംശയമില്ല.

## പത്രോസും അന്ത്രയോസും തോമസും

പാശ്ചാത്യലത്തീൻ, പൗരസ്ത്യഗ്രീക്ക്, പൗരസ്ത്യസുറിയാനി സഭാപാരമ്പര്യങ്ങളെ പ്രതിനിധീകരിക്കുന്നവരായി പത്രോസ്, അന്ത്രയോസ്, തോമ്മാ ശ്ലീഹന്മാരെ കാണുവാൻ കഴിയുമെന്ന സൂചന വിശുദ്ധ യോഹന്നാന്റെ സുവിശേഷം നൽകുന്നുണ്ട്. യോഹന്നാന്റെ

സുവിശേഷം ഇരുപത്തൊന്നാം അദ്ധ്യായത്തിൽ പത്രോസിനോടൊപ്പം ഏഴു ശ്ലീഹന്മാരെ അവതരിപ്പിക്കുന്നുണ്ട്. "ശിമയോൻ പത്രോസ്, ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ്, ഗലീലിയിലെ കാനായിൽനിന്നുള്ള നഥാനിയേൽ, സെബദിയുടെ പുത്രന്മാർ എന്നിവരും വേറെ രണ്ടു ശിഷ്യന്മാരും ഒരുമിച്ചിരിക്കുകയായിരുന്നു" (21,2). 'ഏഴ്' പൂർണ്ണതയുടെ സംഖ്യയാണ്. പത്രോസിന്റെ പേരുകഴിഞ്ഞ് രണ്ടാമതു പറയുന്നത് തോമ്മാശ്ലീഹായെക്കുറിച്ചാണ്. "വേറെ രണ്ടു ശിഷ്യന്മാരും" എന്ന് അവസാനം പറയുന്നത് പീലിപ്പോസും അന്ത്രയോസുമാണെന്നാണ് പണ്ഡിതാഭിപ്രായം. ഗ്രീക്കുകാരെ പ്രതിനിധീകരിക്കുന്ന ഒരു പ്രാധാന്യം അന്ത്രയോസിന് സുവിശേഷം നൽകുന്നുണ്ട് (യോഹ 12,21-22). അന്ത്യപ്രഭാഷണത്തിൽ ശിഷ്യന്മാരെ പ്രതിനിധീകരിച്ച് സംസാരിച്ചു എന്ന പ്രത്യേകതയും പത്രോസ്, തോമ്മാ, പീലിപ്പോസ് എന്നിവർക്കുണ്ട്: പത്രോസ് (യോഹ 13,36-38), തോമസ് (യോഹ 14,5-6), പീലിപ്പോസ് (അന്ത്രയോസ്) (യോഹ 14,8-10). എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ എഴുതപ്പെട്ട സുവിശേഷമെന്ന നിലയിൽ ത്രിതലസഭാപാരമ്പര്യങ്ങളെ പ്രതിനിധീകരിക്കുന്നവരായി ഈ ശ്ലീഹന്മാരെ യോഹന്നാൻശ്ലീഹാ ചിത്രീകരിച്ചു എന്നതിന്റെ സൂചനയായി ഇതിനെ കണക്കാക്കാം.

## സഭൈക്യം: ആത്യന്തികലക്ഷ്യം

ത്രിമാനസഭാപാരമ്പര്യങ്ങൾക്ക് അർഹമായ സ്ഥാനംനൽകിക്കൊണ്ട് സഭൈക്യസംവാദം നടത്തുകയാണെങ്കിൽ, അത് സഭൈക്യത്തിന് കൂടുതൽ സഹായകമായിത്തീരും. സഭൈക്യമാണല്ലോ എല്ലാ ക്രൈസ്തവരുടെയും ആഭിമുഖ്യമായിത്തീരേണ്ടത്. ഈശോമിശിഹാ തന്റെ അന്ത്യപ്രാർത്ഥനയുടെ വിഷയമായി സ്വീകരിച്ചത് സഭൈക്യമായിരുന്നു: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,21). അപ്രകാരം എല്ലാ സഭാപാരമ്പര്യങ്ങളുടെ ഉടമകളോടും സംവാദം നടത്തി, സഭൈക്യം വളർത്തി, ക്രൈസ്തവസാക്ഷ്യം ശക്തമാക്കുവാൻ ഈ 'ഐക്കൺ' സഹായകമാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ഐക്കണിന്റെ വിശദീകരണം

വിശുദ്ധ പത്രോസിനെയും വിശുദ്ധ പൗലോസിനെയും സഭയുടെ തൂണുകളായി ചിത്രീകരിക്കുന്ന വിധത്തിൽ പള്ളിയുടെ മാതൃക കൈയ്യിൽ പിടിച്ചുകൊണ്ടു നിൽക്കുന്ന അവരുടെ ഒരു ഐക്കണിൽനിന്നു പ്രചോദനം ഉൾക്കൊണ്ടാണ് ഈ ഐക്കൺ ചിത്രീകരിച്ചിരിക്കുന്നത്. ഈ ഐക്കണിൽ മൂന്നു ശ്ലീഹന്മാർ ഉണ്ട്: മൂന്നു സഭാപാരമ്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന വിശുദ്ധ തോമ്മായും വിശുദ്ധ പത്രോസും വിശുദ്ധ അന്ത്രയോസും. യഥാക്രമം സുറിയാനി, ലത്തീൻ, ഗ്രീക്ക് സഭാപാരമ്പര്യങ്ങളാണവ. അടുത്തകാലംവരെ സുറിയാനിസഭാപാരമ്പര്യത്തിന് വേണ്ടത്ര പ്രാധാന്യം ലഭിച്ചിരുന്നില്ല. ഒരു പക്ഷേ ഈ പാരമ്പര്യത്തെക്കുറിച്ചുള്ള ശരിയായ പഠനങ്ങളുടെ അഭാവമായിരിക്കാം ഇതിനു കാരണം. ഓരോ ശ്ലീഹായും അവരുടെ പാരമ്പര്യമനുസരിച്ചുള്ള പള്ളിയുടെ മാതൃക കൈയ്യിൽ പിടിച്ചിരിക്കുന്നു. ഓരോ പള്ളിയുടെയും മുഖവാരത്തിൽ അവരുടെ പാരമ്പര്യമനുസരിച്ചുള്ള കുരിശുകളും ഉണ്ട്. ഈ മൂന്നു മാതൃകകൾക്കും അവയെ ഒന്നിപ്പിക്കുന്ന ഒരു അടിത്തറ മാത്രമാണുള്ളത്. ഓരോരുത്തരും അവരുടെ പാരമ്പര്യമനുസരിച്ചുള്ള വസ്ത്രം ധരിച്ചിരിക്കുന്നുവെങ്കിലും എല്ലാവർക്കുമുള്ള നീലനിറത്തിലുള്ള മേലങ്കി അവരുടെ ഐക്യത്തെ സൂചിപ്പിക്കുന്നു. അവരുടെ കൈകളിൽ ദൈവവചനത്തിന്റെ ഒരു ചുരുൾ പിടിച്ചിരിക്കുന്നു (പത്രോസിന്റെ കൈകളിൽ അതു ദൃശ്യമല്ല). തങ്ങൾ അയയ്ക്കപ്പെട്ട സ്ഥലങ്ങളിൽ അവർ ദൈവവചനം പ്രസംഗിച്ചു എന്നതാണത് സൂചിപ്പിക്കുന്നത്. ഓരോ ശ്ലീഹന്മാരുടെയും പേരുകൾ അവർ സുവിശേഷപ്രഘോഷണം നടത്തിയ ഭാഷകളിൽ എഴുതിയിരിക്കുന്നു. അവരുടെ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായുണ്ടായതാണല്ലോ മൂന്നു സഭാപാരമ്പര്യങ്ങളായ സുറിയാനി, ലത്തീൻ, ഗ്രീക്ക് പാരമ്പര്യങ്ങൾ.

**റവ. ഡോ. ജേക്കബ് കൂരോത്ത്**

# ഡോമിനിക് സാവിയോ

റവ. ഡോ. ജേക്കബ് കോയിപ്പള്ളി
ചങ്ങനാശ്ശേരി അതിരൂപത

**നോ**ർത്ത് ഇറ്റലിയിൽ 1842 ഏപ്രിൽ പന്ത്രണ്ടിനായിരുന്നു ഡോമിനിക് സാവിയോ ജനിച്ചത്. ഡോമിനിക്കേ എന്ന പേരിന്റെ അർത്ഥം ദൈവത്തിന്റേത് എന്നാണ്. സാവിയോ എന്ന പേരിന്റെ അർത്ഥം ജ്ഞാനമുള്ളത് എന്നും. കാർലോയും ബ്രിജിത്തായും ആയിരുന്നു മാതാപിതാക്കൾ. അപ്പനു കൊല്ലപ്പണിയായിരുന്നു. വളരെ ദരിദ്രമായ ജീവിതമായിരുന്നു അവരുടേത്. ഏതാണ്ട് അഞ്ചു വയസ്സുമുതൽ പ്രാർത്ഥനയിൽ ഡോമിനിക് അതീവ തല്പരനായിരുന്നു. ആ കാലഘട്ടത്തിൽ കുട്ടികൾ ആദ്യകുർബാന സ്വീകരിച്ചിരുന്നത് പന്ത്രണ്ടുവയസ്സുള്ളപ്പോഴായിരുന്നു. എന്നാൽ ഏഴു വയസ്സുള്ളപ്പോഴേ തനിക്ക് ഈശോയെ സ്വീകരിക്കണമെന്നു സാവിയോ വാശി പിടിച്ചു. അങ്ങനെ ഏഴാംവയസ്സിൽ അവനു വി. കുർബാന സ്വീകരണത്തിന് അനുമതി ലഭിച്ചു. തന്റെ ജീവിത്തിലെ ഏറ്റവും സുന്ദരവും അത്ഭുതകരവുമായ നിമിഷവും ദിവസവും തന്റെ ആദ്യകുർബാന സ്വീകരണദിനമാണെന്ന് പിന്നീട് സാവിയോ പറയുന്നുണ്ട്. ആദ്യകുർബാന സ്വീകരണ ദിവസം സാവിയോ എടുത്ത തീരുമാനങ്ങൾ അവൻ തന്റെ ഡയറിയിൽ കുറിച്ചു. അത് ഇപ്രകാരമായിരുന്നു: കുർബാനസ്വീകരണത്തിനു പോകുന്നതുപോലെ നിരന്തരം ഞാൻ വി. കുമ്പസാരം നടത്തും. ഞായറാഴ്ചയും മറ്റു തിരുനാൾ ദിവസങ്ങളും വളരെ വിശുദ്ധമായി ആചരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. എന്റെ ഏറ്റവും അടുത്ത സൗഹൃദം ഈശോയോടും മാതാവിനോടും ആയിരിക്കും. പാപത്തേക്കാൾ ഞാനാഗ്രഹിക്കുന്നത് മരണമാണ്.



പ്രിയപ്പെട്ട കൗമാരക്കാരേ, തന്റെ ആദ്യകുർബാനസ്വീകരണത്തിൽ സാവിയോ എടുത്തതാണ് മേൽപ്പറഞ്ഞ പ്രതിജ്ഞകൾ. നമ്മുടെ ആദ്യകുർബാനസ്വീകരണം എന്നായിരുന്നു? എന്തു പ്രതിജ്ഞകളാണു നാമെടുത്തത്? എത്രമാത്രം അവ നിറവേറ്റി? സാവിയോയെക്കുറിച്ച് വിശുദ്ധ ജോൺ ബോസ്കോ എഴുതിയ ജീവചരിത്രത്തിൽ സാവിയോയുടെ സ്കൂൾ ജീവിതം വിവരിക്കുന്നുണ്ട്: പത്തുവയസ്സായ സാവിയോയ്ക്കു തന്റെ സ്കൂളിലേക്ക് ഏതാണ്ടു അഞ്ചു കിലോമീറ്റർ നടക്കണമായിരുന്നു. ചൂടുള്ള ദിവസങ്ങളിൽ ഇത്രയും നടക്കുന്നത് വളരെ പ്രയാസമല്ലേ എന്ന ചോദ്യത്തിന് സാവിയോ പറഞ്ഞത്, ഒരുപാടു നന്മകൾ എനിക്കു പ്രതിഫലം നൽകുന്ന ദൈവ

പിതാവുള്ളപ്പോൾ ഒന്നും ക്ഷീണിപ്പിക്കുന്നതോ വേദനനിറഞ്ഞതോ ആയി എനിക്ക് അനുഭവപ്പെടുന്നില്ല എന്നായിരുന്നു. സാവിയോ എന്ന പേര് അവൻ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും നിറഞ്ഞുനിന്നിരുന്നു. ഡോമിനിക് സാവിയോയുടെ ക്ലാസ്സ് ടീച്ചറായ വൈദികനായിരുന്നു വിശുദ്ധ ജോൺ ബോസ്കോ. ജോൺ ബോസ്കോയോട് തനിക്കു പഠനം പൂർത്തിയാക്കി സെമിനാരിയിൽ ചേരണമെന്നും വൈദികനാകണമെന്നും അവൻ അറിയിച്ചു. എന്തും വളരെ എളുപ്പത്തിൽ മനസ്സിലാക്കുന്ന ബുദ്ധികൂർമ്മത ജോൺ ബോസ്കോ സാവിയോയിൽ കണ്ടു. ജോൺ ബോസ്കോയുടെ കീഴിൽ പരിശീലനം നടത്തുന്ന അവസരത്തിലാണ് പരിശുദ്ധ കന്യകയുടെ അമലോത്ഭവപ്രഖ്യാപനം തിരുസ്സഭയിലുണ്ടാകുന്നത്. അപ്പോൾ സാവിയോ തന്റെ വിശുദ്ധ കുർബാനസ്വീകരണത്തിനെടുത്ത വാഗ്ദാനങ്ങൾ പുതുക്കുകയും തനിക്ക് ഒരു വിശുദ്ധനാകണമെന്ന് അതിയായി ആഗ്രഹിക്കുകയും വിശുദ്ധിക്കെതിരായ പ്രവൃത്തികളിൽനിന്നും ഒഴിവാകാൻ നിരന്തരം പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു.

പ്രിയപ്പെട്ട മക്കളേ, ആരാകണമെന്നാണ് നിങ്ങൾ ആഗ്രഹിച്ചിട്ടുള്ളത്? ഡോക്ടറോ, എഞ്ചിനീയറോ, വൈദികനോ, അദ്ധ്യാപകനോ ആരുമാകട്ടെ എന്നെങ്കിലും നിങ്ങൾ വിശുദ്ധനാകാൻ ആഗ്രഹിച്ചിട്ടുണ്ടോ? ഒരു വിശുദ്ധനായിത്തീരുക എത്ര സൗഭാഗ്യകരമാണ്! നമ്മൾ പ്രാർത്ഥിക്കുന്ന വിശുദ്ധരൊക്കെ നൂറ്റാണ്ടുകൾക്കുമുമ്പു ജീവിച്ചിരുന്നവരല്ലേ, എങ്കിലും നമ്മുടെ മനസ്സുകളിൽ അവരൊക്കെ ഇപ്പോഴും ജീവിക്കുന്നുണ്ട്. വിശുദ്ധി നമ്മെ നിത്യതയിലേക്കു നയിക്കുന്നു. വിശുദ്ധർക്കു മരണമില്ല. ജീവിതത്തിന്റെ ഓരോ ചെറിയ തീരുമാനത്തിലും വിശുദ്ധരാകാനുള്ള വഴി മറഞ്ഞിരിപ്പുണ്ട്. നേരല്ലാത്ത വഴികളിൽ യാത്രചെയ്യുമ്പോൾ നാം നമ്മുടെ വിശുദ്ധിയിലേക്കുള്ള ഉന്നതവിളിയെയാണ് തടസ്സപ്പെടുത്തുന്നത്. ഏതു ലക്ഷ്യങ്ങൾ ജീവിതത്തിലുള്ളപ്പോഴും വിശുദ്ധരാകണമെന്ന ആഗ്രഹം ഉള്ളിൽ സൂക്ഷിക്കണം. വിശുദ്ധരായ ഡോക്ടേഴ്സ്, വിശുദ്ധരായ എഞ്ചിനിയേഴ്സ്, വിശുദ്ധരായ അദ്ധ്യാപകർ, വിശുദ്ധരായ ബിസിനസ്സുകാർ... എല്ലാറ്റിനുമുപരി വിശുദ്ധനായ മനുഷ്യനാവുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. വിശുദ്ധിക്കെതിരായ പ്രലോഭനങ്ങളെ നേരിടുന്നതു മാത്രമല്ല, പാപത്തിന് ഇടം കൊടുക്കാതെ ജീവിക്കുവാൻ കഴിയുക എന്നതും വിശുദ്ധിയുടെ ഭാഗമാണ്. വിശുദ്ധ ഡോമിനിക് സാവിയോ എത്രയേറെ ശ്രദ്ധയോടെയാണ് തന്റെ ജീവിതം ആ ചെറുപ്രായത്തിൽ ചിലവഴിച്ചത് എന്നു നാം കാണുന്നു.

സമയം കിട്ടുമ്പോഴൊക്കെ സാവിയോ പ്രാർത്ഥനയ്ക്കായി ചെലവഴിച്ചിരുന്നു. സ്കൂൾ ഇന്റർവെൽ സമയങ്ങളിൽ ചാപ്പലിൽ പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന ഡോമിനിക്കിനെ എല്ലാവരും ശ്രദ്ധിച്ചിരുന്നു. വിശുദ്ധ ജോൺ ബോസ്കോയുടെ അമ്മ സാവിയോയെക്കുറിച്ച് മകനോട് പറഞ്ഞത്, നിന്റെ ഔറട്ടറിയിൽ (കുട്ടികൾക്കു പരിശീലനം നൽകിയിരുന്ന സ്ഥലം) ധാരാളം കുട്ടികൾ ഉണ്ടെങ്കിലും ഹൃദയത്തിൽ അവനോളം നല്ലതായി ആരും കാണില്ല എന്നാണ്. ഔറട്ടറിയിലെ പരിശീലനത്തിൽ സാവിയോയുടെ ഹൃദയത്തിൽ മൂന്നു കാര്യങ്ങൾ പതിഞ്ഞതായി രേഖപ്പെടുത്തുന്നു. ഓരോ വ്യക്തിയും വിശുദ്ധനാകുക എന്നുള്ളത് ദൈവഹിതമാണ്. വിശുദ്ധനാവുക പ്രയാസമുള്ള കാര്യമല്ല. വിശുദ്ധരാകാൻ ശ്രമിക്കുന്നവർക്കൊക്കെ സ്വർഗം വലിയ സമ്മാനം കരുതിവച്ചിട്ടുണ്ട്. വിശുദ്ധനാകാനുള്ള വലിയ ആഗ്രഹത്തിൽ ഡോമിനിക് ധാരാളം കല്ലുകൾ വച്ചു കിടക്ക പരുക്കനാക്കുക, റൊട്ടിയും വെള്ളവും മാത്രം കഴിക്കുക തുടങ്ങിയ കാര്യങ്ങൾ കുമ്പസാരഗുരു അനുവദിക്കുന്നിടത്തോളം ചെയ്യുമായിരുന്നു.

പ്രിയ കൂട്ടുകാരേ, വിശുദ്ധിയിലേക്കുള്ള വഴിയിൽ എന്തു പരിത്യാഗങ്ങൾ ചെയ്യാൻ നമുക്കു കഴിയുന്നുണ്ട്? നോമ്പുകൾ നോക്കുവാൻ, പരസഹായപ്രവൃത്തികളിൽ ഏർപ്പെടുവാൻ നമുക്കു കഴിയുന്നുണ്ടോ? എഴുതാൻ പ്രയാസമുള്ള ആളെ സഹായിക്കാൻ, വായിക്കുവാൻ പ്രയാസമു

ള്ളവരെ സഹായിക്കുവാൻ, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കു സമയം കൊടുക്കാൻ, രോഗം അനുഭവിക്കുന്നവരുടെ അടുത്തു പോകാൻ, വീട്ടിൽ മാതാപിതാക്കളെ സഹായിക്കാൻ– അങ്ങനെ വിശുദ്ധി പ്രാപിക്കാനുള്ള എത്രയോ കുറുക്കുവഴികൾ നമ്മുടെ ജീവിതത്തിലുണ്ട്? നാം ജീവിക്കുന്ന ഈ കാലം വലിയ വിപ്ലവങ്ങളുടെ കാലമാണ്. പ്രിയകൂട്ടുകാരേ, നമ്മുടെ ഈ യുഗത്തിൽ ഇവിടുണ്ടാകേണ്ട വിപ്ലവം വിശുദ്ധിയുടെ വിപ്ലവമാണ്. തട്ടിപ്പറിക്കുന്നതും കൊള്ളയ ടിക്കുന്നതും ആഗ്രഹപൂർത്തിക്കായി മറ്റൊരു വ്യക്തിയുടെ ശരീരത്തെ വലിച്ചുകീറുന്നതുമൊക്കെ അവസാനിക്കണമെങ്കിൽ ഇവിടെ വിശുദ്ധിയുടെ വിപ്ലവം ഉണ്ടായേപറ്റൂ.

ഡോമിനിക് സാവിയോയുടെ ആരോഗ്യം പെട്ടെന്നു ക്ഷയിക്കാൻ തുടങ്ങി. ഡോമിനിക്കിനെ വീട്ടിലേക്കയയ്ക്കുവാൻ ജോൺ ബോസ്കോ നിർബന്ധിതനായി. സാവിയോ തന്റെ രോഗക്കിടക്ക യിൽ ആശുപത്രിയിൽവച്ച് ആവശ്യപ്പെട്ടത് തനിക്ക് കുമ്പസാരിക്കണമെന്നും വിശുദ്ധകുർബാന സ്വീകരിക്കണമെന്നുമാണ്. തന്റെ അവസാനമടുക്കുന്നു എന്നു തിരിച്ചറിഞ്ഞ് സാവിയോ രോഗീ ലേപനവും ചോദിച്ചുവാങ്ങി. മരിക്കുന്നതിനുമുൻപു സാവിയോ ഉച്ചത്തിൽ വിളിച്ചുപറഞ്ഞത് 'ഞാൻ കാണുന്ന കാഴ്ചകൾ എത്ര മനോഹരം' എന്നാണ്. പതിനാലാം വയസ്സിൽ 1857 മാർച്ച് ഒൻപതിന്, സാവിയോ ഈ ലോകത്തോടു യാത്ര പറഞ്ഞു. 1954–ൽ പീയൂസ് 12–ാം മാർപാപ്പ ഡോമിനിക് സാവിയോയെ ആഗോളസഭയുടെ വിശുദ്ധനായി പ്രഖ്യാപിച്ചു.

സാവിയോയുടെ നിർമ്മലമായ ജീവിതം നമ്മുടെ ജീവിതത്തിനും ഉണർവ്വു നൽകുന്നു. തന്റെ ചെറുജീവിതത്തിലൂടെ, വിശുദ്ധി എന്നത് എല്ലാവർക്കും സാധ്യമാണെന്നും സാധാര ണജീവിതത്തിൽ വിശുദ്ധി പ്രാപിക്കാൻ അനേകം പ്രവൃത്തികൾ നമ്മുടെ മുന്നിലുണ്ട് എന്നും നമ്മെ ഓർമ്മിപ്പിക്കുന്നു.

ദൈവത്തോടു ചേർന്നുനിൽക്കുന്നതും നമ്മെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നന്നായി നിറവേറ്റുന്നതും ഹൃദയനൈർമ്മല്യത്തിൽ ജീവിക്കുന്നതും മറ്റുള്ളവർക്കു നന്മ ചെയ്യു ന്നതിൽ ഉത്സാഹിയാകുന്നതുമൊക്കെ വിശുദ്ധിയുടെ പടവുകളാണ്. വിശുദ്ധി എന്നത് ലൈംഗി കതയോടുമാത്രം ചേർത്തുനിർത്തി ചിന്തിക്കുന്ന സമ്പ്രദായം ഇല്ലാതാകണം. നമ്മുടെ ഓരോ ചലനവും വാക്കും പ്രവൃത്തിയും നമ്മുടെ ആന്തരികജീവിതത്തിന്റെ യഥാർത്ഥ പ്രകാശനമാണ്. വിശുദ്ധിയുടെ തോതു കൊണ്ടാണ് നമ്മുടെ വാക്കുകളും പ്രവൃത്തികയും മാറ്റുരയ്ക്കപ്പെടുക. ദൈവം നമ്മിൽ ചൊരിഞ്ഞിരിക്കുന്ന ദാനങ്ങളോട്, നമ്മൾ എത്രമാത്രം സഹകരിക്കുന്നുവോ അത്രമാത്രം തന്നിൽ അഹങ്കരിക്കാൻ ഒന്നുമില്ല എന്നു മനുഷ്യൻ തിരിച്ചറിയുന്നു. ഈ തിരിച്ച റിവാണ് നമ്മുടെ പ്രവൃത്തികളിലും വാക്കുകളിലും വിനയം നിറഞ്ഞുതുളുമ്പുവാൻ ഇടയാക്കു ന്നത്. വിശുദ്ധിയും വിനയവും വിജ്ഞാനവും ചേർന്നുപോകുന്നു. നമ്മുടെ സത്പ്രവൃത്തികൾ ദൈവികവിശുദ്ധിയിൽ നമ്മെ പങ്കുചേർക്കുന്നു. ദൈവത്തിന്റെ ഛായയും സാദൃശ്യവും നമ്മിൽ, കൂടുതൽ കൂടുതൽ തെളിവോടെ പ്രകാശിക്കുന്നു. ദൈവദാസനായ വില്യം ജക്വീന്താ പിതാവ് ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ വിശു ദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്കു നൽകണമേ' നമുക്കും ഈ പ്രാർത്ഥനയോടു ചേരാം.



# വേനലിലെ ഫലശേഖരണം

**ഫാ. ആന്റണി പൊന്തേക്കൻ**
**പാലക്കാട് രൂപത**

**വേ**നൽ എന്നാണ് കൈത്താ എന്ന സുറിയാനി പദത്തിന്റെ അർത്ഥം. വേനൽ കാലത്താണല്ലോ നമ്മുടെ നാട്ടിൽ സാധാരണയായി വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹന്മാരുടെ പ്രേഷിതപ്രവർത്തനത്തിന്റെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാവൃക്ഷം വളർന്നുപന്തലിച്ച് ഫലംകൂടി നിൽക്കുന്നതിനെയാണ് കൈത്താക്കാലം സൂചിപ്പിക്കുന്നത്. അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആവശ്യകതയും ഈ കാലഘട്ടം നമ്മെ ഓർമ്മിപ്പിക്കുന്നു. ഒപ്പം സഭയുടെ വളർച്ചയെക്കുറിച്ചും സഭാതനയരുടെ വളർച്ചയെക്കുറിച്ചും നാം ചിന്തിക്കുന്ന ഒരു കാലഘട്ടം കൂടിയാണിത്.

സഭ വളരുന്നത് വിശ്വാസികളുടെ ആത്മീയവും ഭൗതികവുമായിട്ടുള്ള പരിണാമത്തിലൂടെയാണെന്ന് നമുക്കു മനസ്സിലാക്കാം. സഭയുടെ ആത്യന്തികമായ വളർച്ചയിൽ മുഖ്യ പങ്കുവഹിച്ചത് സഭയുടെ ജീവകാരുണ്യമുഖമായിരുന്നു എന്നത് സംശയമില്ലാത്തതാണ്. ഓരോ കാലഘട്ടത്തിലും വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിലൂടെ ശ്രേഷ്ഠരായ വ്യക്തികളിലൂടെ ചുക്കാൻ പിടിച്ച് സഭ തന്റെ പ്രവർത്തനങ്ങളെ വളർത്തി എന്നത് ഏറെ നന്ദിയോടെ സ്മരിക്കാവുന്നതാണ്. മിശിഹായെ അറിയാത്ത ഓരോ സ്ഥലങ്ങളിലും സധൈര്യം കടന്നുചെന്ന് പ്രേഷിതവര്യനായ, നമ്മുടെ പിതാവ് വിശുദ്ധ തോമ്മാശ്ലീഹായെപ്പോലെ നാം പ്രവർത്തിച്ചു എന്നതും അതുപോലെ ഇതരമതസ്ഥരുടെ ഇടയിൽ സഭയുടെ കാരുണ്യത്തിന്റെ മുഖം തേജസ്സുറ്റതാക്കി മാറ്റാൻ കഠിനാദ്ധ്വാനം ചെയ്തു എന്നതും നമുക്ക് ഒരിക്കലും അവഗണിക്കാനാവില്ല. സഹോദരനെ ഒപ്പം നടത്തുവാൻ, അവന്റെ വളർച്ചയിൽ കൈതാങ്ങുവാൻ അങ്ങനെ വളർന്ന സഭാതരുവിൽനിന്ന് അടുത്ത തലമുറയ്ക്ക് ജന്മം കൊടുക്കുവാൻ നാം ഇന്നും പരിശ്രമിക്കുന്നു എന്നത് ഏറെ പ്രചോദനാത്മകമായി ലോകം കരുതുന്നു.

സഭയുടെ വളർച്ചയെക്കുറിച്ച് ചിന്തിക്കുന്ന ഈ കാലഘട്ടത്തിൽ സഭയുടെ ഭൗതിക വളർച്ച നമുക്ക് പ്രത്യക്ഷത്തിൽ കാണുവാനായിട്ട് സാധിക്കും. സഭയുടെ ഇൻഫ്രാസ്ട്രക്ച്ചർ ഒത്തിരി മാറി. മറ്റുള്ളവരുടെ മുൻപിൽ കാണത്തക്കരീതിയിൽ നമ്മുടെ സ്ഥാപനങ്ങൾ വളർന്നു പന്തലിച്ചുകഴിഞ്ഞു. എന്നാൽ നമ്മൾ തിരിഞ്ഞുനോക്കേണ്ട ഒരു കാര്യം സഭയുടെ ആത്മീയ വളർച്ചയിൽ, സഭാമക്കളുടെ ആത്മീയവളർച്ചയിൽ എത്രമാത്രം ഉയർച്ചയുണ്ട് എന്നതാണ്.

മിശിഹായുടെ വചനത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഒരിക്കലും നൂറുശതമാനം അതിന്റെ പൂർണ്ണതയിൽ നമുക്കെപ്പോഴും ലഭിക്കണമെന്നില്ല. അതുകൊണ്ടാണല്ലോ ഈശോ പറഞ്ഞത് 'എന്റെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണനായിരിക്കുവിൻ' എന്ന്. ആ പരിപൂർണ്ണതയിലേക്കാണ് സഭ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് തന്നെ നമ്മൾ വിതക്കാരന്റെ ഉപമയിൽ കാണുന്നുണ്ട് ഒരേ നിലത്ത് വിതയ്ക്കപ്പെട്ട വിത്തുകളിൽ ചിലത് മുപ്പതു മേനിയും ചിലത് അറുപതു മേനിയും കുറെയേറെ നൂറുമേനിയും ഫലം പുറപ്പെടുവിച്ചു. ഫലം പുറപ്പെടുവിക്കാനായിട്ടുള്ള നമ്മുടെ വിളിയെ തിരിച്ചറിയുവാൻ നമുക്കു സാധിക്കണം. നാം ആയിരിക്കുന്ന ജീവിതസാഹചര്യങ്ങളിൽ നിന്നുകൊണ്ട് ഫലം പുറപ്പെടുവിക്കാൻ എത്ര മാത്രം നമുക്ക് സാധിക്കുന്നുണ്ട് എന്ന് നമ്മൾ ആത്മപരിശോധന നടത്തണം. വിദ്യാർത്ഥിയായിരിക്കുന്ന എനിക്ക് എന്റെ ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവ്വഹിച്ചുകൊണ്ട് എത്രമാത്രം ഫലം പുറപ്പെടുവിക്കാൻ സാധിക്കുന്നുണ്ട്. ഒരു കുടുംബത്തിലോ, സമൂഹത്തിലോ ആയിരിക്കുമ്പോൾ എത്രമാത്രം ഫലം പുറപ്പെടുവിക്കാൻ എനിക്കു സാധിക്കുന്നുണ്ട്.

ആത്മീയവളർച്ച നാം നേടുക തീർച്ചയായും പ്രാർത്ഥനയിലൂടെയും ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെയുമാണല്ലോ. ആത്മീയമായി എനിക്ക് മുൻപോട്ടുപോകുവാൻ സാധിക്കുന്നുണ്ടോ എന്ന് ഞാൻ ആത്മശോധന നടത്തേണ്ടത് ഏതു മാനദണ്ഡം ഉപയോഗിച്ചാണ്? മറ്റുള്ളവരോടുള്ള എന്റെ സഹാനുഭൂതിയും ദൈവത്തോടുകൂടെ ആയിരിക്കുവാൻ എനിക്കു ദൈവം തരുന്ന അവസരങ്ങളെ ഞാൻ എപ്രകാരം ഉപയോഗപ്പെടുത്തുന്നു എന്നുള്ളതും നാം നോക്കിക്കാണേണ്ടതാണ്. ഉപഭോഗസംസ്കാരത്തിലൂടെ നാം കടന്നുപോയിക്കൊണ്ടിരിക്കുമ്പോൾ മറ്റൊരുവന്റെ ദുഃഖം എന്റെ ദുഃഖമായി കാണുവാൻ എനിക്ക് സാധിക്കാതെ പോകുന്നെങ്കിൽ, പ്രാർത്ഥന ഏറെ ഉണ്ടായിട്ടും അപരനെ എന്റെ സഹോദരനായി കാണുവാൻ, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനായി കാണുവാൻ എനിക്ക് സാധിക്കാതെ വരുന്നുണ്ടെങ്കിൽ തീർച്ചയായും ഞാൻ ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. പ്രാർത്ഥനയോടൊപ്പം തന്നെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നാം കൊടുക്കുന്ന പ്രാധാന്യം ഒത്തിരിയേറെ പ്രധാനപ്പെട്ടതാണ്. ഒരു കാലിന് വളർച്ചയും മറുകാലിന് വളർച്ചക്കുറവുമുണ്ടാകുമ്പോൾ അതൊരു വ്യക്തിയുടെ ജീവിതത്തിൽ മുടന്തായി അവശേഷിക്കുന്നതുപോലെ എന്റെ ആത്മീയജീവിതത്തിന്റെ വളർച്ച ഞാൻ വിശകലനം ചെയ്യുമ്പോൾ, പ്രാർത്ഥനയും ജീവകാരുണ്യപ്രവർത്തനങ്ങളും ഒരേ അവസ്ഥയിൽ നാം കൊണ്ടുപോകേണ്ടിയിരിക്കുന്നു. കൈത്താക്കാലം നമ്മെ ഓർമ്മിപ്പിക്കുന്നതും ഇതുതന്നെയാണ്. കൊടിയവേനലിലും നിറയെ ഫലങ്ങൾ ചൂടി സഭയെയും സഭാതനയരെയും വളർത്തുവാൻ ഈ കൊച്ചുജീവിതം നമ്മെ സഹായിക്കട്ടെ.



### പാദുവായിലെ വി. അന്തോനീസ്

*നമ്മൾ പ്രാർത്ഥിക്കുകയും പരിത്യാഗങ്ങൾ ചെയ്യുകയും ചെയ്യുമ്പോൾ പിശാചിന് നമ്മെ ഭയമാണ്. എന്നാൽ നാം കുരിശടയാളം വരയ്ക്കുമ്പോൾ അവൻ നമ്മളിൽ നിന്നും ഓടി അകലുന്നു.*



# അടിത്തറ പണിയുമ്പോൾ

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഏ**താനും നാളുകൾക്കു മുമ്പു പണിത വീടിന്റെ ചില ഭാഗങ്ങളിൽ വിള്ളലുകളും ഒരു ഭാഗത്തിന് അൽപം ചെരിവും ശ്രദ്ധയിൽപ്പെട്ട ഔസേപ്പച്ചന്റെ ഉള്ളൊന്നു പിടഞ്ഞു. ദൈവമേ.... എത്രകാലത്തെ സ്വപ്നത്തിന്റെയും പരിശ്രമത്തിന്റയും ഫലമാണ് ഈ വീട്! അപകടം മണത്തറിഞ്ഞ അയാൾ ഉടൻ തന്നെ വിദഗ്ധനായ ഒരു എഞ്ചിനീയറെ കൊണ്ടുവന്നു പരിശോധിപ്പിച്ചു. അപ്പോഴാണു മനസ്സിലായത് അടിത്തറ കെട്ടിയ അവസരത്തിൽ വന്ന ചില പാകപ്പിഴകളിൽ നിന്നും സംഭവിച്ചതാണീ പ്രശ്നം എന്ന്.

അടിത്തറ നന്നായി പണിയപ്പെട്ട ഭവനങ്ങൾ വീണുപോവുകയില്ല എന്ന് ഈശോ വചനത്തിലൂടെ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ഇത്തരത്തിൽ ആത്മീയതയുടെ കെട്ടുറപ്പുള്ള ഒരു ക്രിസ്തീയത ലോകത്തിനു നൽകാൻ സാധിച്ചാൽ തകർന്നുകൊണ്ടിരിക്കുന്ന 'പഴഞ്ചൻ' എന്ന ധാരണയുള്ള മൂല്യങ്ങളുടെ പുനർജ്ജനി സംഭവിക്കാൻ അതു കാരണമായിത്തീരും. നവീകരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ സൃഷ്ടിയാണ് ഇന്നിന്റെ ആവശ്യം. അതിന്റെ ആധാരശിലകൾ സമാധാനവും സാഹോദര്യവും ആയിരിക്കണം. ഭൂമിയിൽ ജീവിക്കാൻ നമുക്കു ലഭിക്കുന്ന അൽപകാലം നാം ജീവിക്കുന്ന ചുറ്റുപാടിൽ പ്രകാശവും സന്തോഷവും പകരുവാൻ നമുക്കു കഴിയണം. ദൈവം നൽകിയിട്ടുള്ള ആയുസ്സ് എങ്ങനെയാണു കൈകാര്യം ചെയ്യേണ്ടതെന്നു നാം അറിഞ്ഞിരിക്കണം. മനുഷ്യന്റെ നന്മയ്ക്കുവേണ്ടി ചെയ്യുന്ന ഏതു പ്രവൃത്തിയും ദൈവനിയോഗപ്രകാരമുള്ള ശ്രേഷ്ഠസേവനമാണ്. നിലമൊരുക്കി വിത്തുവിതയ്ക്കുന്ന കർഷകനും കറപുരണ്ട ജീവിതത്തോടു പടവെട്ടി വ്യവസായശാലകളിൽ പണിയെടുക്കുന്നവരും സാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്ന ബുദ്ധിജീവികളും സമൂഹത്തിന്റെ വിവിധമേഖലകളിൽ ജോലി ചെയ്യുന്നവരുമെല്ലാം ചെയ്യുന്ന സേവനം ദൈവനിയോഗപ്രകാരം ചെയ്യുന്നു എന്ന ബോധ്യത്തോടെ ചെയ്യാൻ സാധിച്ചാൽ അതു സമൂഹത്തിന്റെ ഗതിയെത്തന്നെ മാറ്റിമറിക്കാൻ പര്യാപ്തമാകും എന്ന കാര്യം ആരും തന്നെ ചിന്തിക്കാറില്ല എന്നതാണു വസ്തുത.

നാം ചെയ്യുന്നത് എന്തുതന്നെ ആയിരുന്നാലും ദൈവത്തിനു വേണ്ടി ചെയ്യുന്ന പ്രവൃത്തിയായിരിക്കണം. നാം നമ്മുടെ പങ്കു ചെയ്യുമ്പോൾ നമ്മുടെ പരിശ്രമത്തോടു ചേർത്ത് ദൈവം തന്റെ പങ്കു ചെയ്തുകൊള്ളും. ആ വിശ്വാസത്തോടെ ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വയം സമർപ്പിച്ച ഈശോയുടെ വഴി പിന്തുടരുന്നവരായി നാം മാറണം. മെഴുകുതിരി പോലെ എരിഞ്ഞു തീരുന്നതായിരിക്കരുത്, മറിച്ച് അതു നൽകുന്ന പ്രകാശം പ്രസരിപ്പിക്കുന്നതായിരിക്കണം നമ്മുടെ

ജീവിതം. മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന വ്യക്തിപരവും സമൂഹപരവുമായ ആവശ്യങ്ങളിൽ ഊർജ്ജവും ചൈതന്യവും പകരുന്ന ശക്തിസ്രോതസ്സായി മാറുവാൻ നമുക്കു സാധിക്കണം. അപ്പോഴാണ് മിശിഹായുടെ പ്രകാശമായി തീരുവാൻ നമുക്കു കഴിയുക.

ഇന്നു സമൂഹത്തിൽ എവിടെ നോക്കിയാലും സംഘർഷങ്ങളുടെയും സമാധാനരഹിതമായ അന്തരീക്ഷത്തിന്റെയും സ്നേഹം തണുത്തുറഞ്ഞ നിലപാടുകളുടെയുമെല്ലാം സാഹചര്യങ്ങളാണു കാണാൻ കഴിയുക. അത്തരം സന്ദർഭങ്ങളെ സ്നേഹത്താൽ നിറയ്ക്കുവാൻ, സാഹോദര്യത്തിന്റെ കണ്ണിയിൽ വിളക്കിച്ചേർക്കുവാൻ നമുക്കു സാധിക്കണം. ഈശോമിശിഹാ കാണിച്ചുതന്ന മാതൃക അതാണ്. സ്നേഹം എപ്പോഴും ചലനാത്മകമാണ്. അതിനു വിശ്രമിക്കാൻ കഴിയുകയില്ല. ദൈവദാസൻ വില്യം ജക്വീന്താ പറയുന്നു: "നിങ്ങൾ സ്നേഹത്താൽ നിറഞ്ഞ് പൊട്ടിത്തെറിക്കുന്ന ബോംബുകളായി മാറണം." സ്നേഹം ഒരിടത്തു തന്നെ കെട്ടിക്കിടക്കുകയില്ലെന്നു സാരം. അത് എല്ലാവരെയും ആശ്ലേഷിക്കുന്ന, കത്തിജ്വലിക്കുന്ന അഗ്നിയാണ്. ദൈവികമായ സ്നേഹത്തിന്റെ സ്വഭാവമാണത്. അത് അങ്ങോട്ടും ഇങ്ങോട്ടും ഒഴുകുന്ന ശക്തിയാണ്. ജീവിതത്തിലൂടെ പ്രകാശിപ്പിക്കാവുന്നതാണു സ്നേഹം. അങ്ങനെയുള്ള സ്നേഹത്തിനാണ് ലോകത്തിന്റെ ആവശ്യങ്ങൾക്കു മറുപടിയായിത്തീരാൻ കഴിയുക. ദൈവമനുഷ്യ സ്നേഹത്തിൽ നിന്നു ജനിക്കുന്ന പ്രവർത്തനങ്ങളൊന്നും തന്നെ ലോകമനഃസാക്ഷിയെ സ്പർശിക്കാതിരിക്കുകയില്ല.

ലോകത്തിൽ ഏറ്റവുമധികം ക്ഷാമമുള്ളതും സ്നേഹത്തിനാണ്. എല്ലാ രംഗങ്ങളിലും എല്ലാ മുഖങ്ങളിലും സ്നേഹദാരിദ്ര്യം ദൃശ്യമാണ്. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ "സകല ജ്ഞാനവും മലകളെ മാറ്റാൻ തക്ക വിശ്വാസവും എനിക്കുണ്ടായിരുന്നാലും സകലവും ദാനം ചെയ്താലും ശരീരം അഗ്നിയിൽ ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ നാം ഒന്നുമല്ല." സ്നേഹം ഇന്നു വറ്റിപ്പോയതിന്റെ, കണികാണാത്തതിന്റെ കാരണം ആത്മീയവന്ധ്യതയും വൈകാരികമായ അസ്ഥിരതയും ദൈവം നൽകിയിരിക്കുന്ന കഴിവുകളെ ഉത്പാദക്ഷമമാക്കാൻ സാധിക്കാത്തതുമാണ്. ദൈവമില്ലാത്ത ഹൃദയത്തിൽ മനുഷ്യന് ഇടമുണ്ടാവുകയില്ല. മനുഷ്യനെ സ്നേഹിക്കാത്ത തത്വശാസ്ത്രത്തിനു ലോകത്തെ രക്ഷിക്കാൻ കഴിയുകയില്ല.



പിതൃമൊഴി

ദൈവം സ്നേഹമാണ്. ആ സ്നേഹത്തിൽ വസിച്ചുകൊണ്ട് അതിന്റെ പ്രകാശത്തിൽ നടക്കുന്ന ദൈവത്തിന്റെ മക്കളായി നാം മാറണം. സ്നേഹം പങ്കുവച്ചുകൊണ്ട് ജീവിതത്തിന്റെ എല്ലാ മേഖലകളിലും ക്രിസ്തീയ മനഃസാക്ഷിയോടെ വ്യാപരിക്കുവാനും അതുവഴി ലോകത്തിന്റെ മുറിവുണക്കുവാനും ആവശ്യങ്ങൾക്ക് ഉത്തരമാകുവാനും നമുക്കു സാധിക്കട്ടെ.

***'സാമൂഹികവും വ്യക്തിപരവും നിയമപരവുമായ ഇന്നിന്റെ ആവശ്യങ്ങൾക്ക് അനുയോജ്യമായ മറുപടി നൽകാൻ സാധിക്കുന്ന സമഗ്രമായ ഒരു ക്രിസ്തീയതയായിരിക്കണം നാം ലോകത്തിനു നൽകേണ്ടത്" (ദൈവദാസൻ വില്യം ജക്വീന്താ).***



# അപരന്റെ വ്യത്യസ്തതകളെ അംഗീകരിക്കുക, ആദരിക്കുക

ഫ്രത്തേല്ലി തൂത്തി - 12

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**ഫ്ര**ത്തേലി തൂത്തിയുടെ ആറാം അദ്ധ്യായത്തിൽത്തന്നെ മറ്റുള്ളവരെ അംഗീകരിക്കുന്നതിന്റെ ആനന്ദത്തെക്കുറിച്ചും ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നുണ്ട്. ഓരോരുത്തരും അവരവർത്തന്നെയായിരിക്കണം. ഒപ്പം മറ്റൊരാൾക്ക് വ്യത്യസ്തനായിരിക്കുവാനുള്ള അയാളുടെ അവകാശത്തെ എല്ലാവരും അംഗീകരിക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു അംഗീകാരം ഒരു സംസ്കാരമായിത്തീരണം. ഇത്തരത്തിലുള്ള ഒരു സംസ്കാരം രൂപപ്പെടുന്നില്ലായെങ്കിൽ- മറ്റുള്ളവരുടെ വ്യത്യസ്തതകളെ അംഗീകരിക്കൽ- അന്യരെ പ്രധാന്യമില്ലാത്തവരും പ്രസക്തിയില്ലാത്തവരും വിലയില്ലാത്തവരുമായി കാണാനുള്ള അപകടകരമായ പ്രവണത വർദ്ധിക്കും.

മറ്റൊരുവന്റെ സാഹചര്യങ്ങളെ വേണ്ടത്ര പരിഗണിക്കാതെ വരുമ്പോൾ, അല്ലെങ്കിൽ ദരിദ്രരായവരുടെയും ബലഹീനരായവരുടെയും ജീവിതത്തിന്മേൽ പ്രബലവർഗ്ഗത്തിന്റെ ചൂഷണം നടക്കുമ്പോൾ അപ്രതീക്ഷിതസമയത്ത് ഏതെങ്കിലും തരത്തിലുള്ള അക്രമം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യതയുണ്ടെന്ന് പാപ്പാ ഇവിടെ മുന്നറിയിപ്പ് നൽകുന്നുണ്ട്.

സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും എല്ലാവർക്കും ബാധകമാകണം. സാമ്പത്തികമോ രാഷ്ട്രീയമോ വിദ്യാഭ്യാസപരമോ ആയ അധികാരം കൈയ്യാളുന്നവർ തമ്മിൽ മാത്രമല്ല സംഭാഷണങ്ങളും അഭിമുഖീകരണങ്ങളും ഉണ്ടാകേണ്ടത്. ജനസംഖ്യയുടെ ഭൂരിഭാഗം വരുന്ന സംസ്കാരത്തോട് ബന്ധപ്പെട്ടുള്ള ഒരു സംവാദം ഇന്ന് ആവശ്യമാണ്. സമൂഹത്തിലെ നല്ല ആശയങ്ങൾ ദരിദ്രവിഭാഗങ്ങൾ പലപ്പോഴും സ്വീകരിക്കുന്നില്ലായെന്ന പരിഭവം കേൾക്കാറുണ്ട്. ഭൂരിപക്ഷം വരുന്ന ജനതയുടെ സംസ്കാരത്തെ മനസ്സിലാക്കാതെ, അവരുടെ സ്വന്തമല്ലാത്ത മറ്റൊരു രീതിയുമായി താദാത്മ്യപ്പെടാൻ കഴിയാത്ത ഒരു സംസ്കാരിക രീതിയിൽ പലതും അവതരിപ്പിക്കപ്പെടുമ്പോഴാണ് ഭൂരിപക്ഷത്തിന് അത് അസ്വീകാര്യമാകുന്നത്.

പുതിയ ഒരു "സാംസ്കാരിക ഉടമ്പടി" രൂപപ്പെടേണ്ടതുണ്ട്. സമൂഹത്തിൽ നിലനിൽക്കുന്ന വ്യത്യസ്ത ലോകവീക്ഷണങ്ങളെയും സംസ്കാരങ്ങളെയും ജീവിതശൈലികളെയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന, യാഥാർത്ഥ്യബോധമുള്ളതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു ഉടമ്പടിയാണ് ഉണ്ടാകേണ്ടത്.

തദ്ദേശീയരായ ജനങ്ങളോട്, അവരുടെ സംസ്കാരത്തോട് ആദരവോടുകൂടെയുള്ള ഒരു ഇടപെടൽ ഉണ്ടാകണം. ഭൗമിക പറുദീസ സൃഷ്ടിക്കാനുള്ള പ്രബലവർഗ്ഗത്തിന്റെ താത്പര്യത്തിനിടയിൽ തദ്ദേശീയ ജനകീയ സംസ്കാരങ്ങളോട് അനാദരവ് കാണിക്കാതെ, വിവേകപൂർണ്ണമായ രീതിയിൽ ഇടപെടണം. ആധികാരികവും അഗാധവും നിലനിൽക്കുന്നതുമായ ഒരു ഉടമ്പടി രൂപപ്പെടുത്തുവാൻ താഴേക്കിടയിൽനിന്നും - വ്യത്യസ്ത സംസ്കാരങ്ങളിൽനിന്നും, ദരിദ്രരിൽനിന്നും ആരംഭിക്കണം.

പൊതുനന്മയ്ക്കുവേണ്ടി രൂപപ്പെടുത്തുന്ന ഉടമ്പടിയിൽ ചില ത്യജിക്കലുകൾ അനിവാര്യമായി വരും. എല്ലാവർക്കും എല്ലാവരുടെയും ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും തൃപ്തിപ്പെടുത്താൻ സാധ്യമല്ല. മറ്റൊരാളുടെ അവകാശത്തെ നിഷേധിക്കാതെ, സഹിഷ്ണുതയുടെ പാതയിലൂടെ ഏവരും യാത്രചെയ്യണം. മറ്റുള്ളവരുടെ അവകാശത്തെ അംഗീകരിക്കുകയും സ്നേഹത്തിന്റെ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഉടമ്പടി പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാകില്ല. കൂടാതെ, ഈ ശ്രമത്തിൽ അന്യരുടെ ആശങ്കകളുടെ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ നാം പലപ്പോഴും അവരുടെ സ്ഥാനത്ത് നിൽക്കേണ്ടതുണ്ട്.

"ഓരോ മനുഷ്യനും അവനുവേണ്ടി" എന്ന ചിന്തയിൽനിന്ന് മാറി "ഓരോ മനുഷ്യനും അപരനുവേണ്ടി" എന്ന ഒരു സംസ്കാരമാണ് രൂപപ്പെടേണ്ടത്. ഇന്നത്തെ ലോകത്തിൽ "ദയയുടെ വീണ്ടെടുപ്പ്" ഉണ്ടാകണം. അവർക്ക് മാത്രമേ ഇരുട്ടിന്റെ മദ്ധ്യേ പ്രകാശിക്കുന്ന നക്ഷത്രങ്ങളായിത്തീരുവാൻ സാധിക്കുകയുള്ളൂ. 'ദയ' പരിശുദ്ധാത്മാവിന്റെ ഒരു ഫലമാണ് (ഗലാ 5,22). പരുക്കനോ, ധിക്കാരപരമോ അല്ലാത്ത, സൗമ്യവും സന്തോഷകരവും പിൻതുണ നൽകുന്നതുമായ ഒരു മനോഭാവമാണ് ദയ. ഈ മനോഭാവമുള്ള വ്യക്തികൾക്ക് മറ്റുള്ളവരുടെ പ്രശ്നങ്ങളെയും ആവശ്യങ്ങളെയും ഭയങ്ങളെയും ഭാരങ്ങളെയും മനസ്സിലാക്കുവാനും അവരോട് പങ്കുചേർന്ന് ചരിക്കാനും സാധിക്കും. ദയയുള്ള ഒരാൾക്കു മാത്രമേ മറ്റുള്ളവർക്ക് ആശ്വാസത്തിന്റെയും കരുത്തിന്റെയും സാന്ത്വനത്തിന്റെയും പ്രോത്സാഹനത്തിന്റെയും വാക്കുകൾ നൽകുവാൻ സാധിക്കൂ.

മനുഷ്യബന്ധങ്ങൾ ദുഷിച്ചുപോകുന്ന ഒരു കാലഘട്ടത്തിൽ "എന്നോട് പൊറുക്കുക", "നിങ്ങൾക്കു നന്ദി" എന്നുപറയുവാൻ ദയയുള്ളവർക്കാണ് കഴിയുക. ഈ മനോഭാവമുള്ള വ്യക്തികൾക്കാണ് മറ്റുള്ളവരെ നോക്കി പുഞ്ചിരിക്കുവാനും, പൊതുവായ നിസ്സംഗതയുടെ മദ്ധ്യേ മറ്റുള്ളവരെ ശ്രവിക്കുവാനും ശ്രദ്ധിക്കുവാനും സാധിക്കുന്നത്. ആരോഗ്യപരമായ ഒരു അന്തരീക്ഷം സമൂഹത്തിൽ ഉടലെടുക്കുവാൻ 'ദയയുടെ വീണ്ടെടുപ്പ്' സഹായിക്കും.

## വി. അൽഫോൻസാമ്മയുടെ പ്രാർത്ഥന

ഈശോനാഥാ അങ്ങേ ദിവ്യഹൃദയത്തിലെ മുറിവിൽ എന്നെ മറയ്ക്കേണമേ. സ്നേഹിക്കപ്പെടാനും വിലമതിക്കപ്പെടുവാനുമുള്ള എന്റെ ആശയിൽ നിന്നും എന്നെ വിമുക്തയാക്കണമേ. കീർത്തിയും ബഹുമാനവും സമ്പാദിക്കണമെന്നുള്ള ദുഷിച്ച ഉദ്യമത്തിൽ നിന്നും എന്നെ രക്ഷിക്കണമേ. ഒരു പരമാണുവും അങ്ങേ ദിവ്യഹൃദയത്തിലെ എരിയുന്ന സ്നേഹാഗ്നിജ്വാലയിലെ ഒരു പൊരിയും ആകുന്നതുവരെ എന്നെ എളിമപ്പെടുത്തണമേ. സൃഷ്ടികളെയും എന്നെത്തന്നെയും മറന്നു കളയുന്നതിനുള്ള അനുഗ്രഹം എനിക്കു നൽകണമേ. പറഞ്ഞറിയിക്കാൻ വയ്യാത്ത മാധുര്യമായ എന്റെനാഥാ, ലൗകികാശ്വാസങ്ങൾ എനിക്കു കയ്പായി പകർത്തണമേ. നീതിസൂര്യനായ എന്റെ ഈശോയേ, നിന്റെ ദിവ്യസ്നേഹാഗ്നിക്കതിരിനാൽ എന്റെ ബോധത്തെ തെളിയിച്ച്, ബുദ്ധിയെ പ്രകാശിപ്പിച്ച്, ഹൃദയത്തെ ശുദ്ധീകരിച്ച്, നിന്റെ നേരെയുള്ള സ്നേഹത്താൽ എരിയിച്ച് എന്നെ നിന്നോട് ഒന്നിപ്പിക്കണമേ.




**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ന്യാ**യാധിപന്മാരുടെ ഭരണകാലത്തു യൂദായിലെങ്ങും ക്ഷാമമുണ്ടായി. എഫ്രാത്യനായ എലിമെലെക്ക്, തന്റെ ഭാര്യയായ നവോമിയോടും മഹ്‌ലോൻ, കിലിയോൻ എന്നീ രണ്ടു പുത്രന്മാരോടുമൊപ്പം ബേത്‌ലഹേമിൽ നിന്നു മൊവാബിൽ വന്നു താമസം തുടങ്ങി. ദാരിദ്ര്യവും കഷ്ടപ്പാടുകളും ദൈവജനത്തിന്റെ ഒരു ഭാഗധേയം തന്നെയാണെന്ന് ബേത്‌ലഹേമിൽ നിന്നും മൊവാബിൽ എത്തിയ എലിമെലെക്കിന്റെ കുടുംബത്തിനു ബോധ്യമായി. നഷ്ടങ്ങളുടെ ഒരു പരമ്പര തന്നെയാണ് അവിടെയും അവരെ കാത്തിരുന്നത്. മഹ്‌ലോൻ മൊവാബൈറ്റ് വംശജയായ റൂത്ത് എന്ന യുവതിയെ വിവാഹം കഴിച്ചു. പത്തുവർഷത്തോളം അവർ അവിടെ താമസിച്ചു. അധികം വൈകാതെ റൂത്തിന്റെ ഭർത്താവായ മഹ്‌ലോനും കിലിയോനും എലിമെലെക്കും അവിടെ വച്ചു മരണമടഞ്ഞു. യൂദായിലെ പട്ടിണി കെട്ടടങ്ങിയെന്നു കേട്ടപ്പോൾ വിധവയായ നവോമി മൊവാബിൽനിന്നു തിരികെപ്പോകാൻ തീരുമാനിച്ചു. കാരണം കർത്താവ് തന്റെ ജനത്തെ ഭക്ഷണം നൽകി അനുഗ്രഹിക്കുന്നുവെന്നു നവോമി കേട്ടു. തന്റെ ജനത്തെ എന്നന്നേക്കുമായി പരിത്യജിക്കാത്ത ദൈവത്തിന്റെ പരിപാലന അവൾ ദർശിച്ചു.

വിധവകളായ റൂത്തിനെയും ഓർഫായെയും തങ്ങളുടെ മാതൃഭവനത്തിലേക്കു തിരികെപ്പോകാനും പുതിയ കുടുംബജീവിതം ആരംഭിക്കാനും നവോമി നിർബന്ധിച്ചു. ഭാവിജീവിതത്തിൽ സാധാരണഗതിയിൽ സംഭവിക്കാൻ സാധ്യതയുള്ള കാര്യങ്ങൾ അവൾ തന്റെ മരുമക്കളെ പറഞ്ഞുമനസ്സിലാക്കി. എന്നാൽ റൂത്ത് തന്റെ അമ്മായിയമ്മയുടെ കരുതലുള്ള സ്നേഹം മാത്രമല്ല അവരോടൊപ്പമുള്ള ദൈവത്തിന്റെ കരുതലും കരുത്തും ഹൃദയത്തിൽ സൂക്ഷിച്ചു. അവൾ നവോമിയെ പിരിയാതെ പിന്തുടർന്നു. കിലിയോന്റെ ഭാര്യ ഓർഫാ നവോമിയെ ചുംബിച്ചു തന്റെ മാതൃഭവനത്തിലേക്കു വിടവാങ്ങിയപ്പോൾ നവോമി റൂത്തിനോടു പറയുന്നു:“നിന്റെ സഹോദരി ചാർച്ചക്കാരുടെയും ദേവൻമാരുടെയും അടുത്തേക്ക് മടങ്ങിപ്പോയല്ലോ; അവളെപ്പോലെ നീയും പോകുക” (റൂത്ത് 1,15). മാനുഷികമായി ചിന്തിച്ചാൽ ഓർഫായുടെ തിരഞ്ഞെടുപ്പ് യുക്തമാണ്. എന്നാൽ റൂത്തിന്റെ തിരഞ്ഞെടുപ്പ് ശ്രേഷ്ഠമായത് അവളുടെ സുകൃതജീവിതവും വിശ്വസ്തതയും കൊണ്ടു മാത്രമാണ്.



റൂത്ത് തന്റെ സൗന്ദര്യത്തെ നിഷ്കളങ്കമായ സ്നേഹവും നിസ്വാർത്ഥമായ അനുകമ്പയും കൊണ്ട് മഹത്ത്വമുള്ളതാക്കി. അവൾ പറഞ്ഞു: "അമ്മയെ ഉപേക്ഷിക്കുവാനോ കൂടെപ്പോരാതിരിക്കാനോ എന്നോടു പറയരുത്. അമ്മ പോകുന്നിടത്തു ഞാനും വരും; വസിക്കുന്നിടത്ത് ഞാനും വസിക്കും. അമ്മയുടെ ചാർച്ചക്കാർ എന്റെ ചാർച്ചക്കാരും അമ്മയുടെ ദൈവം എന്റെ ദൈവവും ആയിരിക്കും; അമ്മ മരിക്കുന്നിടത്ത് ഞാനും മരിച്ച് അടക്കപ്പെടും. മരണംതന്നെ എന്നെ അമ്മയിൽനിന്നു വേർപെടുത്തിയാൽ, കർത്താവ് എന്തു ശിക്ഷയും എനിക്കു നൽകിക്കൊള്ളട്ടെ" (റൂത്ത് 1, 16-17). ജാതിമതപരിഗണനകൾക്കപ്പുറം ചിന്തിച്ച റൂത്തിനെ നാമിവിടെ പരിചയപ്പെടുന്നു. ചെറിയ അസൗകര്യത്തിന്റെ പേരിൽ സ്വന്തം അപ്പനമ്മമാരെ ചവറ്റുകൊട്ടയിൽ വലിച്ചെറിയുന്ന ന്യൂജെൻ മരുമക്കളെയല്ല നാമിവിടെ കാണുക.

റൂത്തും നവോമിയും ബേത്‌ലഹേമിൽ എത്തിയപ്പോൾ അവിടെ ബാർലിയുടെയും ഗോതമ്പിന്റെയും കൊയ്ത്തുകാലം ആരംഭിച്ചിരുന്നു. സ്വന്തം അമ്മയായി അവൾ നവോമിയെ കണ്ടു പരിചരിച്ചു. നിസ്സഹായയും ദരിദ്രയുമായ അമ്മായിയമ്മയോടുള്ള റൂത്തിന്റെ വിശ്വസ്തതയ്ക്ക് ദൈവം സമ്മാനം നൽകി. ബേത്‌ലഹേമിലെ കൊയ്ത്തുകാലത്ത് നവോമിയുടെ സമ്മതത്തോടെ എലിമെലെക്കിന്റെ കുടുംബത്തിൽപ്പെട്ട ബോവാസിന്റെ വയലിൽ കാലാപെറുക്കാൻ പോയി. ഒരിക്കൽ ബോവാസ് തന്റെ വയലിൽ എത്തിയപ്പോൾ റൂത്തിനെ കണ്ടു. അവൻ ഭൃത്യരോട് അവൾ ആരാണെന്ന് ചോദിച്ചറിഞ്ഞു. അവളിൽ അനുകമ്പ തോന്നിയ ബോവാസ് അവളോട് തന്റെ വയൽ വിട്ടുപോകേണ്ടയെന്നും തന്റെ ദാസിമാരോടൊപ്പം ചേരുന്നതിനും ദാഹിക്കുമ്പോൾ തന്റെ ഭൃത്യന്മാർ കോരിയ വെള്ളം കുടിക്കാനും അനുവദിക്കുന്നു. അന്യനാട്ടുകാരിയായ തന്നോട് കരുണ തോന്നാൻ എന്തു നന്മ താൻ ചെയ്തു എന്ന ചോദ്യത്തിന് മറുപടിയെന്നോണം ബോവാസ് പറഞ്ഞു: "ഭർത്താവിന്റെ മരണത്തിനുശേഷം നീ അമ്മായിയമ്മയ്ക്കുവേണ്ടി ചെയ്തതും മാതാപിതാക്കളെയും സ്വദേശത്തെയും വിട്ട് അപരിചിതരായ ജനത്തിന്റെ ഇടയിൽ വന്നതുമെല്ലാം എനിക്കറിയാം. നിന്റെ പ്രവൃത്തികൾക്കു കർത്താവ് പ്രതിഫലം നൽകും. നീ അഭയം പ്രാപിച്ചിരിക്കുന്നത് ഇസ്രായേലിന്റെ ദൈവമായ കർത്താവ് നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും"(റൂത്ത് 2,11-12).

ഭക്ഷണസമയത്ത് ബോവാസ് തന്റെ കൊയ്ത്തുകാരോടുകൂടെ ഭക്ഷണത്തിന് റൂത്തിനെ ക്ഷണിച്ചു. വീണ്ടും കാലാപെറുക്കാൻ എഴുന്നേറ്റപ്പോൾ ബോവാസ് തന്റെ ഭൃത്യരോട് കറ്റ

കളിൽനിന്ന് കുറേശ്ശേ കതിരുകൾക്കൂടി വലിച്ചൂരി അവൾക്ക് പെറുക്കാനായി ഇട്ടുകൊടുക്കണമെന്നും അവളെ ശല്യപ്പെടുത്തരുതെന്നും പറഞ്ഞു. സന്ധ്യവരെ അവൾ കാലാപെറുക്കി മെതിച്ചപ്പോൾ ഏകദേശം ഒരു ഏഫാ ബാർലി ഉണ്ടായിരുന്നു. അവൾ നഗരത്തിലെത്തി ശേഖരിച്ച ധാന്യം അമ്മായിയമ്മയെ കാണിച്ചു. ബാക്കിവന്ന ആഹാരവും അവൾക്ക് കൊടുത്തു. നവോമി റൂത്തിനോട് ചോദിച്ചു. എവിടെയാണ് നീ ഇന്നു കാലാപെറുക്കിയത്? എവിടെയാണു നീ ഇന്നു ജോലി ചെയ്തത്? നിന്നോടു കരുണ തോന്നിയ മനുഷ്യൻ അനുഗൃഹീതനാകട്ടെ. താൻ കാലാപെറുക്കിയത് ബോവാസിന്റെ വയലിൽ ആണെന്നും കാരുണ്യപൂർവ്വം അവൻ തന്നോട് പെരുമാറിയതും റൂത്ത് അമ്മയോട് പറഞ്ഞു. അവൻ നമ്മുടെ ബന്ധുവാണെന്നും ബാർലിയുടെയും ഗോതമ്പിന്റെയും വിളവെടുപ്പുകഴിയുന്നതുവരെ ബോവാസിന്റെ ദാസിമാരോടൊപ്പം ചേർന്ന് കാലാപെറുക്കിയാൽ മതിയെന്നും നവോമി തന്റെ മകളോടു പറയുന്നു.

താമസിയാതെ സന്തുഷ്ടമായ കുടുംബജീവിതത്തിലേയ്ക്ക് റൂത്തിനെ പ്രവേശിപ്പിക്കാൻ നവോമി തീരുമാനിച്ചു. ഇസ്രായേല്യരുടെയിടയിൽ നിലനിന്നിരുന്ന പതിവനുസരിച്ച് ഭർത്താവ് മരിച്ചാൽ അടുത്ത ബന്ധുവിനെ വിവാഹം കഴിക്കാം. തന്മൂലം ബോവാസിന്റെ ഭാര്യയാകുവാൻ റൂത്തിനോടു നവോമി നിർദ്ദേശിച്ചു. ബോവാസാകട്ടെ തന്നേക്കാൾ അടുത്ത ബന്ധുവിനെ സമീപിച്ച് കാര്യം അവതരിപ്പിച്ചു. അയാൾ വിസമ്മതിച്ചതിനാൽ ബോവാസ് റൂത്തിനെ ഭാര്യയായി സ്വീകരിച്ചു. അവൾ ഒരു പുത്രന് ജന്മം നല്കി: ഓബദ്.

ബോവാസ് ദാവീദിന്റെ വംശത്തിൽപ്പെട്ട ആളായിരുന്നു. അങ്ങനെ 'വിജാതീയ സ്ത്രീ' ഈശോയുടെ വംശാവലിയിൽ ഇടംതേടി. അവൾക്ക് മാതൃഭവനത്തിൽ ലഭിക്കാമായിരുന്ന സുഖസൗകര്യങ്ങളും ഭാസുരഭാവിയും മാറ്റിവച്ചപ്പോൾ ദൈവജനത്തിന്റെ കണ്ണിയായി അവൾ ചേർക്കപ്പെട്ടു. റൂത്തിന്റെ പേരിൽ പഴയനിയമത്തിൽ ഒരു ഗ്രന്ഥം തന്നെയുണ്ടായി. അവളെപ്പറ്റി പലകൃതികളും പിൽകാലത്ത് പലരും രചിക്കുകയുണ്ടായി. വിശ്വസ്തസ്നേഹത്തിന്റെ പര്യായമായി അവൾ ഇന്നും നിലകൊള്ളുന്നു.

**ചിന്തിക്കാൻ:-**

* ജീവിതത്തിൽ പ്രശസ്തിയേക്കാൾ വിശ്വസ്തതയ്ക്കു വിലയുണ്ട്.
* നിഷ്കളങ്കസ്നേഹത്തിന്റെ പ്രതിസമ്മാനം വലുതാണ്.
* ലോകയാഥാർത്ഥ്യത്തേക്കാൾ ദൈവപരിപാലനയിൽ ആശ്രയിക്കുക.
* ദൈവഹിതത്തിനു ജീവിതത്തിൽ ആദ്യസ്ഥാനം നൽകുക.



# മറ്റുള്ളവരുടെ വളർച്ച എന്റെയും...

ബ്ര. ഡോമിനിക് മഠത്തിൽപറമ്പിൽ
കാഞ്ഞിരപ്പള്ളി രൂപത

**ഇ**ന്നത്തെ സമൂഹത്തിൽ നമുക്ക് ആർക്കാണ് അങ്ങനെ ഒരു ചിന്ത ഉണ്ടാകുന്നത്. വളരെ ചുരുക്കം ചിലരിൽ മാത്രം ഒതുങ്ങിയ ഒരു കാഴ്ചപ്പാടാണ് അത്: 'മറ്റുള്ളവരുടെ വളർച്ച എന്റെയും'. ഒന്നു ചിന്തിച്ചുനോക്കിക്കേ, എത്ര മനോഹരമാണ് അത്. ഇന്നു നാം സമൂഹത്തിൽ കാണുന്നത്, എന്തിന് കുടുംബങ്ങളിൽ സഹോദരങ്ങൾ തമ്മിൽവരെ മത്സരബുദ്ധിയോടെയുള്ള ഓട്ടമാണ്. എനിക്കവന്റെ മുമ്പിലെത്തണം. എനിക്ക് അവനെ തോൽപ്പിക്കണം. എല്ലായിടത്തും നാം ഇന്നു കാണുന്നത് 'എനിക്ക്' എന്ന ഒറ്റ വാക്കാണ്.

പണ്ട് കുടുംബത്തിൽ ആയാലും സമൂഹത്തിലായാലും ഒരാൾ ജയിച്ചാൽ കേവലം ഒന്നോ രണ്ടോ പേരിൽ മാത്രം അവസാനിക്കുന്ന ആഘോഷമായിരുന്നില്ല. പക്ഷേ ഇന്ന് മത്സരബുദ്ധിയുടെ വിജയാഘോഷമാണ്. അത് ആഘോഷിക്കാൻ ഒരു സമൂഹമോ ഒരു കുടുംബമോ ഇന്നില്ല. ഒരു കുഞ്ഞുവീട്, ആ വീട്ടിലെ മൂന്ന് അല്ലെങ്കിൽ നാല് ആളുകൾ മാത്രം.

പ്രിയമുള്ളവരേ, ഈശോ നമ്മെ പഠിപ്പിക്കുന്നത് നീ അവനോട്, അവളോട് മത്സരിക്കുക എന്നല്ല മറിച്ച് നീ എളിമപ്പെടുക എന്നാണ്. നിന്നെ നിന്റെ നാടിനും വീടിനും വലിയവൻ ആക്കുന്നത് മത്സരബുദ്ധിയോടെ നീ നേടിയെടുത്ത സ്ഥാനമാനങ്ങൾ അല്ല മറിച്ച് നീ എത്രമാത്രം എളിമപ്പെടുന്നുവോ അത്രയധികം മറ്റുള്ളവർ നിന്നെ സ്നേഹിക്കും, നീ കുടുംബത്തിലും സമൂഹത്തിലും വിലയുള്ളവനാകും. ഈ പരാമർശം ഉൾക്കൊള്ളുന്ന ധാരാളം വചനങ്ങൾ ബൈബിളിൽ നാം കാണുന്നുണ്ട്. ഉദാഹരണമായി വി. ലൂക്കായുടെ സുവിശേഷം പതിനാറാം അധ്യായത്തിൽ നാം കാണുന്ന ധനവാനും ലാസറും. ധനവാൻ എന്നു പറയുമ്പോൾ തന്നെ നമുക്കറിയാം നല്ല ഒരു പ്രമാണിയായ വ്യക്തി. ലാസർ ആ ധനവാന്റെ വീടിന്റെ പടിവാതിൽക്കൽ കഴിഞ്ഞിരുന്ന

ഒരു ദരിദ്രനും. ലാസർ ആഗ്രഹിക്കുന്നത് ഒന്നു മാത്രമാണ്: ധനവാന്റെ മേശയിൽ നിന്നു വീഴുന്ന ഭക്ഷണം കൊണ്ടു വിശപ്പടക്കുക. ധനവാൻ ഒന്നു കണ്ണുകൾ തുറന്നു പ്രവർത്തിച്ചിരുന്നെങ്കിൽ ആ ലാസറിന് ഒരു നേരത്തെ ആഹാരമെങ്കിലും നൽകാമായിരുന്നു. പക്ഷേ, അവിടെ നാം കാണുന്നതു പങ്കുവയ്ക്കൽ അല്ല. നിന്റെ വളർച്ചയിൽ നിന്റെ സഹോദരനെയും നിനക്കു സംരക്ഷിക്കാൻ കഴിയണം. എങ്കിൽ മാത്രമേ നിനക്കു നിത്യജീവൻ അവകാശമാക്കാൻ  സാധിക്കൂ.

അതുപോലെ വി. ലൂക്കായുടെ സുവിശേഷം 14:7ൽ നാം വായിക്കുന്നു: “നീ വിരുന്നിനു ക്ഷണിക്കപ്പെടുമ്പോൾ ഒരിക്കലും പോയി ആദ്യസ്ഥാനത്തിരിക്കാതെ അവസാന സ്ഥാനത്തിരിക്കുക. അപ്പോൾ നിന്റെ ആതിഥേയൻ വന്നു നിന്നോടു പറയും സ്നേഹിതാ, മുന്നോട്ടു കയറിയിരിക്കുക. അപ്പോൾ നിന്നോടുകൂടെ ഭക്ഷണത്തിനിരിക്കുന്നവരുടെ മുമ്പിൽ നിനക്കു മഹത്വമുണ്ടാവും”. ഈ രണ്ട് അദ്ധ്യായങ്ങളിലും നാം കാണുന്നത് എളിമപ്പെടുക, മാനസാന്തരപ്പെടുക എന്നതാണ്. നീ എത്രത്തോളം എളിമപ്പെടുന്നുവോ അത്രയധികം നിനക്കു നിന്റെ സഹോദരനോടൊത്ത് അവന്റെ വിജയത്തിൽ സന്തോഷിക്കുവാൻ കഴിയും. ഇത് നമ്മുടെ ജീവിതത്തിലും പകർത്തുവാനും മറ്റുള്ളവരുടെ വിജയത്തിൽ അവരോടൊപ്പം ചേർന്നിരിക്കുവാനും നമുക്കു കഴിയട്ടെ. മത്സരബുദ്ധിയോടെ നിന്റെ സഹോദരനോടു പ്രവർത്തിക്കാതെ ദൈവം നൽകിയ ഈ ചെറിയ ജീവിതം മറ്റുള്ളവർക്കായി എളിമയോടെ കഴിയുവാൻ നമുക്കു പരിശ്രമിക്കാം. ദിവ്യകാരുണ്യ ഈശോ നമ്മെയെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

## ദൈവദാസൻ വില്യം ജക്വീന്താ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

**സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമന ാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.**

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# നീ വളർന്നോ?

**അശ്വതി പുതുമന**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഒരു കാലഘട്ടം മുഴുവനും വളർച്ചയുടെ പടികളായിരുന്നു. അതു വെറും ഒരു വളർച്ചയല്ല. സങ്കല്പങ്ങൾക്കും എന്തിനേറെ സഹനങ്ങൾക്കുപോലും അപ്പുറം എന്നു കരുതുന്ന വളർച്ച. സഭയുടെ വളർച്ച. ശ്ലീഹന്മാരും രക്തസാക്ഷികളും സാക്ഷ്യംകൊണ്ടും, രക്തംകൊണ്ടും വളർത്തി വലുതാക്കിയ സഭ.

പറയാൻ ഇന്നും ഇതെല്ലാം ഒരു അഹങ്കാരം തന്നെയാണ് ക്രിസ്ത്യാനിക്ക്. എന്നാൽ ചിന്തിക്കണം പറച്ചിലുകൾക്കപ്പുറം എന്തുപ്രവർത്തനമാണ് ഇന്നു ഈ സഭാമാതാവിന്റെ വളർച്ചക്കായി ഞാനും നീയും സംഭാവനയായി നൽകുന്നത് എന്ന്. 'നീയാണ് സഭ, ഞാനാണ് സഭ' എന്ന മനോഭാവം ഹൃദയത്തിന്റെ നാലു അറകളിൽ ഒന്നിലെങ്കിലും സൂക്ഷിക്കുന്നവനാകണം ക്രിസ്ത്യാനി. എങ്കിലേ പമ്പുചെയ്യപ്പെടുന്ന രക്തത്തിൽ സഭയുടെ സുകൃതങ്ങൾക്ക് വീര്യമുണ്ടാകൂ.

അറിയുക നിന്റെ വളർച്ചയാണ് സഭയുടെ വളർച്ച. നിന്റെ തളർച്ച സഭാമാതാവിന്റെ തളർച്ചയും ഒറ്റപ്പെടലുമാണ്. കുറ്റപ്പെടുത്തലുകളിലൂടെയും ഒറ്റപ്പെടുത്തലുകളിലൂടെയും ഇട്ടുപേക്ഷിച്ചുപോകലുകളിലൂടെയും തള്ളിപ്പറച്ചിലുകളിലൂടെയും വിശ്വാസം ത്യജിക്കലുകളിലൂടെയും എന്തോ വീരകൃത്യം ചെയ്തു എന്നു നീ കരുതുന്നുവെങ്കിൽ തെറ്റ്. നീ അവിടെ തളരുവല്ലെ ചെയ്തത്. നിന്നെ താങ്ങുന്ന സഭയും, നീയാൽ താങ്ങപ്പെടേണ്ട സഭാപൈതൃകങ്ങളും തളർന്നു തകർന്നു തരിപ്പണമാകുന്ന ഭയാനകമായ കാഴ്ചയാണ് അത്.

കുറവുകളുണ്ട്, പോരായ്മകളുണ്ട്, എന്നാൽ അതിലേറെ നന്മയും, കാരുണ്യവും, കരുതലും, തേടിവരവും, കാത്തിരിപ്പും, ഓരോ വളർച്ചയിലും കുറവുകളുണ്ടാവാതെയുള്ള ഉറ്റുനോക്കലും പ്രാതൽ വിളമ്പിയുള്ള വഴിക്കണ്ണുകളും എന്തിനേറെ ജീവൻ തന്നെ പകുത്തു നൽകിയ ബലിയും അവസാനം സ്വന്തമാണ്, എന്റേതാണ്, നിനക്ക് ഞാനുണ്ട് എന്നു പറയുന്ന സ്നേഹവും സഭയിൽ അനുഭവിക്കാൻ ഞാൻ മറന്നുപോകുന്നോ? എന്നാൽ ഇതെല്ലാം ഞാൻ തന്നെയാണ് ഓരോ ക്രിസ്ത്യാനിയുമാണ്. ഇതു നിന്റെ വളർച്ചയാണ്. അതിലുപരി സഭയുടെ വളർച്ചയാണ്. ഇന്നിന്റെ വിശുദ്ധരെ ഒന്നു നോക്കാം. ഇതല്ലാതെ വേറെ ഒന്നും അവർക്കും പറയാനില്ല.

നീ വളരുക സ്നേഹത്തിൽ, സമാധാനത്തിൽ, ഐക്യത്തിൽ, കാരുണ്യത്തിൽ, സഹതാപത്തിൽ, സഹിഷ്ണുതയിൽ, സഹനത്തിൽ, വളരട്ടെ നിന്നോടൊപ്പം സഭ; അറിയട്ടെ ലോകം മുഴുവനും സഭയുടെ വളർച്ച.

ഇന്നത്തെ സഭയെ ഇന്നിന്റെ സഭാമക്കളായ നമ്മൾ വേണം വളർത്താൻ. എന്നാലേ ഇന്നു നാം അനുഭവിക്കുന്ന ഈ സന്തോഷം നാളത്തെ മക്കൾക്കും ലഭിക്കൂ. ചിന്തിക്കണം, സഭയെ വളർത്താൻ മാത്രം ഞാൻ വളർന്നോ എന്ന്. അതേ എന്റെ വളർച്ചയാണ് സഭയുടെ വളർച്ച. ഞാൻ വളർന്നാലേ സഭ വളരൂ.



# തൊട്ടാവാടി

**സാബി കോഴിക്കോട്**

**ആ**ടിനു തീറ്റി പറിക്കുവാൻ അമ്മ പറമ്പിലേയ്ക്കിറങ്ങിയതും കുസൃതിച്ചിരിയോടെ അച്ചുമോളും പിന്നാലെ കൂടി. നിറയെ റോസ് നിറത്തിലുള്ള പൂക്കൾ വിടർന്നു നില്ക്കുന്ന തൊട്ടാവാടിച്ചെടി അവളുടെ ശ്രദ്ധയിൽപെട്ടു. പിന്നൊട്ടും അമാന്തിച്ചില്ല. പൂക്കൾ പറിക്കുവാൻ ശ്രമിക്കുന്നതിനിടയിൽ ആരോ കൈകളിൽ കടിച്ചതുപോലെ. പേടിത്തൊണ്ടിയായ അച്ചു നില ത്തുരുണ്ടു കിടന്ന് അലറിക്കരഞ്ഞതും വല്ല ഇഴജന്തുക്കളുമാണെന്ന് കരുതി ഓടിക്കിതച്ചെത്തിയ അമ്മയ്ക്ക് കാര്യം പിടികിട്ടി. തൊട്ടാവാടിയുടെ മുള്ളുകൊണ്ടതുതന്നെ. കാര്യമറിഞ്ഞപ്പോൾ തന്നെ ഉപദ്രവിച്ച തൊട്ടാവാടിയെ അവൾ ചന്നംപിന്നം അടിച്ചു. 'തന്നെ ഒന്നും ചെയ്യരുതേ' എന്ന അർത്ഥത്തിൽ ഇലകളെല്ലാം കൈകൾകൂപ്പി. എന്നിട്ടും അവൾ വിട്ടില്ല, ദേഷ്യം തീരുന്ന തുവരെ തല്ലിച്ചതച്ചു. ക്ഷീണംകൊണ്ട് ഉറങ്ങി എണീറ്റ അച്ചുവിന് വലിയ സങ്കടമായി. തൊട്ടാ വാടിക്ക് എന്തു സംഭവിച്ചിരിക്കും? അമ്മയെയും കൂട്ടി അടുത്തുചെന്നപ്പോൾ ദേ! അത്ഭുതം! ഒന്നും സംഭവിക്കാത്തതുപോലെ തൊട്ടാവാടി വിടർന്നു നില്ക്കുന്നു. അതുകണ്ട് അച്ചുമോളുടെ മുഖവും പ്രസന്നമായി.

'തൊട്ടാവാടി' ഇവൾ ഈ നാട്ടുകാരിയല്ല കേട്ടോ. ബ്രസീലായിരുന്നു ജന്മദേശം. ബ്രസീ ലിൽനിന്ന് പോർച്ചുഗീസുകാർ ചരക്കുകപ്പലിൽ ഇൻഡ്യയ്ക്കു വരുന്നുണ്ടെന്നറിഞ്ഞ് ആരും കാണാതെ മറ്റ് ഫലസസ്യങ്ങൾക്കൊപ്പം കയറിക്കൂടിയതാണ് കക്ഷി. ഇവൾക്ക് ജീവിക്കാൻ 'ഹൈ ക്ലാസ്' പരിതഃസ്ഥിതികളൊന്നും വേണ്ടേ വേണ്ട. ഏതു ചതുപ്പിലും, മൈതാനത്തും, റോഡരുകിൽപോലും ഇവൾ യഥേഷ്ടം പാർക്കും. ജീവിച്ചു തുടങ്ങിയാൽ ആ പ്രദേശം അവൾ സ്വന്തമാക്കുകയും ചെയ്യും.

തൊട്ടാവാടിയെ സൂക്ഷിച്ചുനോക്കിയിട്ടുണ്ടോ? അതിന് നമുക്കെവിടെയാ നേരം അല്ലേ? ചെറുതാണെങ്കിലും മനുഷ്യരെ ഒരുപാടു പാഠങ്ങൾ പഠിപ്പിക്കുന്നുണ്ട് ഈ സുന്ദരി. സോറി യായിസ്, ശ്വാസംമുട്ടൽ, വിസർപ്പം തുടങ്ങി മനുഷ്യന്റെ ധാരാളം മാറാവ്യാധികൾക്കുള്ള ഔഷധമാണീ സസ്യം. ഇടിച്ചു പിഴിയപ്പെടുമ്പോൾ മനുഷ്യരെപ്പോലെ അലറിവിളിക്കില്ല, മറിച്ച് അവൾ സന്തോഷിക്കും തന്നെക്കൊണ്ട് ഈ ഭൂമിയ്ക്ക് ഉപകാരമുണ്ടായല്ലോ എന്നോർത്ത്. മൃഗങ്ങൾക്ക് ഭക്ഷണമായും, മനുഷ്യർക്ക് ഔഷധമായും പ്രകൃതിക്ക് സൗന്ദര്യമായും ഇവൾ കൂടെയുണ്ട്. പക്ഷേ നമ്മിൽ പലരും അതറിയുന്നില്ല എന്നുമാത്രം. നമുക്കുപകാരം ചെയ്യുന്ന മാതാപിതാക്കളെയും, ജീവിതപങ്കാളിയെയും, മക്കളെയും, സുഹൃത്തുക്കളെയും അറിയാൻ നാം

ശ്രമിക്കാറില്ല. പിന്നല്ലേ തൊട്ടാവാടി! അറിയാൻ ശ്രമിച്ചുനോക്ക് അവർ നിനക്ക് ഔഷധമാകും ഒരിക്കലും അകറ്റിനിർത്താനാവാത്ത ദിവ്യൗഷധം.

പ്രതികരണശേഷി ഇത്തിരികൂടുതലുള്ള സസ്യമാണിവൾ. തനിക്കെതിരെയുള്ള എല്ലാ ആക്രമണങ്ങളെയും അവൾ ചെറുത്തുനില്ക്കും. തിരിച്ചുപദ്രവിച്ചുകൊണ്ടല്ല.... പിന്നെയോ അമ്മ അടിക്കാൻ വടിയെടുക്കുമ്പോൾ കൈകൂപ്പി നിന്ന് അയ്യോ അമ്മേ അടിക്കല്ലേ എന്നു കെഞ്ചുന്ന പൈതലിനെപ്പോലെ. അവൾ പറയുന്നു "പ്രതികരണമാവാം, നിരുപദ്രവമായിരിക്കണമെന്നു മാത്രം". മുള്ളുണ്ടായിട്ടും തൊട്ടാവാടി തോറ്റുതരുന്നത് ജയിക്കാനറിയാഞ്ഞിട്ടല്ല. മറിച്ച് തന്റെ പ്രിയപ്പെട്ടവർ ജയിക്കട്ടെ എന്നു കരുതിയാ. ഇതുപോലൊരു താഴ്മയുടെ ഭാവം ആർജ്ജിക്കണ മെന്ന് തൊട്ടാവാടീ... നീ മനുഷ്യരോടും പറയാതെ പറയുന്നില്ലേ?

ഇടയ്ക്കെങ്കിലും ചിലർ പലരെയും എന്റെ പേരിൽ പരിഹസിക്കാറുണ്ട്. 'നിന്റെ തൊട്ടാവാടി സ്വഭാവം' കൊള്ളില്ല കേട്ടോ എന്ന്. ഇപ്പറയുന്നവൻ അതിന് ഒരിക്കലെങ്കിലും എന്റെ സ്വഭാവം അറിയാൻ ശ്രമിച്ചിട്ടുണ്ടോ? ഞാൻ പതുങ്ങുന്നത് തോറ്റു പിന്മാറാനല്ല. കൂടുതൽ ശോഭയോടെ ഉയിർത്തെഴുന്നേൽക്കാനാണ്.

എന്റെ പേരിൽ വേദനിക്കുന്ന 'ഉണ്ണീ' നീയറിയുക തളർന്നുപോകുന്നതല്ല പരാജയം, വീണ്ടെടുക്കാതിരിക്കുന്നതാണ്. വാടിയാലും വീണ്ടും വിടരാനാവുമെന്ന് നീ എന്നെ നോക്കി പഠിക്കണം. തൊട്ടാവാടിയെന്ന് അപഹസിക്കുന്നവർക്കുമുമ്പിൽ വിജയത്തിന്റെ വെൺകൊടി നീ പാറിക്കണം. അതാണ് നിന്നെപ്പറ്റിയുള്ള ഈശ്വരനിശ്ചയം.

തൊട്ടാവാടീ... അവസാനമായി ഒന്നു ചോദിച്ചോട്ടെ! നിനക്കീ ചങ്കൂറ്റം ആരു തന്നു? തീർച്ച യായും നിന്നെ സൃഷ്ടിച്ചവൻ തന്നെ. അവൻ അങ്ങനെയായിരുന്നല്ലോ! നാം തളരാതിരിക്കുവാൻ നമ്മുടെ തകർച്ചകൾ ഏറ്റെടുത്തവൻ, നാം എന്നന്നേയ്ക്കുമായി മരിക്കാതിരിക്കുവാൻ, മരണം സ്വയം ഏറ്റെടുത്തവൻ, ഇനി നിങ്ങളില്ല എന്ന് ജനം നമ്മെ പരിഹസിക്കാതിരിക്കുവാൻ വിജയ ശ്രീലാളിതനായി ഉയിർത്തെഴുന്നേറ്റവൻ.... ആ നല്ല ദൈവം തന്റെ വലുപ്പം മാറ്റി ഇറങ്ങിയില്ലേ ഈ മണ്ണിലേയ്ക്ക്.... പാപിയായ എന്നിലേയ്ക്ക്.... തൊട്ടാവാടീ അവന്റെ എളിമ സ്വന്തമാക്കാൻ നിനക്കാവുന്നല്ലോ. സ്വന്തരൂപമായിരുന്നിട്ടുപോലും എനിക്കതിനാവുമായിരുന്നില്ലല്ലോ?

നന്ദി! .... തൊട്ടാവാടി....

എവിടെയും വലിപ്പമന്വേഷിച്ചുനടന്ന എന്നെ യഥാർത്ഥ വലിപ്പമായ തമ്പുരാനിലേയ്ക്കെ ത്തിച്ചതിന്.....

തൊട്ടാവാടി! ....നിന്റെ മുമ്പിൽ ഞാനോരു പ്രതിജ്ഞയെടുക്കട്ടെ....

"തളരും

എന്നാൽ തകരില്ല

കാരണം കർത്താവാണ് എന്റെ കാവൽക്കാരൻ"



# പുതുനാമ്പ്

**ജൂലി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സ്കൂൾ വരാന്തയിലെ ഒരു ഒഴിഞ്ഞ കോണിൽ വച്ചു ഞാൻ ചോദിച്ചു: "മോളേ ഏതാണു നല്ലത്? ഇല അടർത്തുന്നതോ, പുഴുവിനെ കളയുന്നതോ?" തെല്ലിട നിശ്ശബ്ദയായി നിന്ന അവൾ ഗദ്ഗദത്തോടെയെങ്കിലും പറഞ്ഞു: "പുഴുവിനെ കളയുന്നത്.... ഞാൻ ശ്രമിക്കാം." അവളുടെ തീർച്ചയിൽ ആശ്വസിച്ച് പ്രതീക്ഷയോടെ ഞാൻ നടന്നകന്നു.

"വൃക്ഷം നല്ലതെങ്കിൽ ഫലവും നല്ലത്." വചനത്തിൽ വേരൂന്നി ജീവിതതരു നിറയെ ഫലം ചൂടേണ്ട ഈ കൈത്താക്കാലം നമ്മിൽ നിന്നും ആവശ്യപ്പെടുന്നതും വിശ്വാസത്തിന്റെ പടിപടിയായ വളർച്ചയല്ലേ? ഫലരഹിതമാകാത്ത വിത്ത്! കൃഷിക്കാരൻ ഉറങ്ങുമ്പോൾ പോലും തനിയെ വളരുന്ന വിത്ത്.... അതാണു ദൈവത്തിന്റെ വചനം (ഏശ 55:11). മനുഷ്യന്റെ കണക്കുകൂട്ടലുകൾക്കും ചിന്താഗതികൾക്കും അതീതമായ മാർഗ്ഗങ്ങളിലൂടെ അതു ഫലം പുറപ്പെടുവിക്കുന്നു. ഇതു ദൈവത്തിന്റെ പ്രവൃത്തിയാണ്. ഈ വിത്തു നടുന്നതും നനയ്ക്കുന്നതും മനുഷ്യനാണെങ്കിലും വളർത്തുന്നത് ദൈവമാണ്.

സമയത്തിന്റെ പരിമിതികളെയും മനുഷ്യന്റെ എതിർപ്പുകളെയും അതിജീവിച്ച് വിതയ്ക്കപ്പെടുന്ന വിത്ത് എന്റെ ജീവിതനിലത്ത് പതിക്കുമ്പോൾ അതു പുറപ്പെടുവിക്കുന്നത് നൂറോ അറുപതോ അതോ മുപ്പതുമേനിയോ? സ്വയം ചിന്തിക്കേണ്ട കാലം.

ലോകത്തിന്റേതായ പുഴുക്കുത്തേറ്റു ജീർണ്ണിച്ച് ഇല്ലാതാകേണ്ടതല്ല ഞാനാകുന്ന വൃക്ഷം. ആക്രമിക്കപ്പെടുമ്പോഴേ തിരിച്ചറിയണം. വളർത്തുന്ന കർത്താവിന്റെ ശക്തമായ കരങ്ങളിൽ ആശ്രയിച്ച് വീണ്ടും ജനിക്കണം. പുഴുവിനെ ഇല്ലാതാക്കാനുള്ള എന്റെ ഓരോ ശ്രമവും അറിയുന്ന തമ്പുരാൻ തന്റെ കൃപയാൽ എന്നെ വളർത്തും.

വീണ്ടും ഞാനവളെ കണ്ടു. നല്ല പ്രസരിപ്പുള്ള മുഖത്തോടെ .... ചുറുചുറുക്കോടെ മുമ്പോട്ടു പോകുന്ന മീനുവിനെ.... ജീവന്റ 'പുതുനാമ്പ്' ഒടുവിൽ നിറയെ ഫലം ചൂടുന്നതു കണ്ടപ്പോൾ ഞാൻ മിഴിയുയർത്തി. "ദൈവമേ ഓരോ തലമുറയും അവരുടെ മാതാപിതാക്കളേക്കാൾ വിശ്വാസത്തിൽ വേരുറച്ചു വളരുവാനുള്ള സാഹചര്യം അങ്ങുതന്നെ സൃഷ്ടിക്കണമേ. ആമ്മേൻ"

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ കൈത്താക്കാലത്തേക്കു നാം പ്രവേശിക്കുകയാണല്ലോ. സഭയുടെ വളർച്ചയെയും ആത്മീയ വിളവെടുപ്പിനെയും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ആരാധനക്രമകാലമാണ് കൈത്താക്കാലം. 'കൈത്താ' എന്ന സുറിയാനിവാക്കിന്റെ അർത്ഥം 'വേനൽ' 'ഗ്രീഷ്മം' എന്നൊക്കെയാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുന്നത്. ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും പ്രേഷിതപ്രവർത്തന ഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വേരുപിടിച്ച സഭാതരു പടർന്നു പന്തലിച്ച് വിശുദ്ധിയുടെയും രക്തസാക്ഷിത്വത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനെയാണ് ഈ കാലം ഓർമ്മിപ്പിക്കുന്നത്. കൈത്താക്കാലത്തിലെ ആദ്യത്തെ ഞായറാഴ്ച പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ ആചരിക്കുന്നു. സ്വന്തം ചുടുനിണത്താൽ സഭാതരുവിനെ നനച്ചുവളർത്തുകയും, മിശിഹായ്ക്ക് ധീരമായി സാക്ഷ്യംവഹിക്കുകയും ചെയ്ത രക്തസാക്ഷികളെയാണ് ഈ കാലത്തെ വെള്ളിയാഴ്ചകളിൽ പ്രത്യേകമായി അനുസ്മരിക്കുന്നത്. അവരുടെയെല്ലാം മാതൃക അനുകരിച്ചുകൊണ്ട് വിശുദ്ധിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ജനങ്ങൾക്കു പ്രചോദനം നല്കി അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ നമുക്ക് പരിശ്രമിക്കാം. സ്നേഹാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

അപ്പസ്തോലിക് സൊഡാലസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ അസംബ്ലി 2022 ആഗസ്റ്റ് മാസം 22 മുതൽ 26 വരെ തിയതികളിൽ റോമിൽവച്ച് നടക്കുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ടിന് റോം രൂപതയിൽനിന്നും നല്കിയിരിക്കുന്ന സാൻ ലിബോറിയോ ഇടവകപ്പള്ളിയിൽവച്ചാണ് അസ്സംബ്ലി നടക്കുന്നത്. അസംബ്ലിയിൽ സംബന്ധിക്കുന്നവർ ജനറൽ കൗൺസിൽ അംഗങ്ങൾ, നാഷണൽ മേജർ ഫാദേഴ്സ് എന്നിവരും, ഓരോ നേഷനിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരുമാണ്. ഇറ്റലിയിൽനിന്നും മാൾട്ടായിൽനിന്നും ഓരോരുത്തരും, അമേരിക്കയിൽനിന്നും മൂന്നു പേരും ഇൻഡ്യയിൽനിന്നും നാലുപേരുമാണ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഈ ജനറൽ അസംബ്ലി പുതിയ ജനറൽ മേജർ ഫാദറിനെയും മറ്റു ജനറൽ കൗൺസിൽ അംഗങ്ങളെയും തിരഞ്ഞെടുക്കുകയും, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാവിജീവിതത്തെയും പ്രവർത്തനങ്ങളെയും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും.

**സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018 എന്ന വിലാസത്തിൽ ബന്ധപ്പെടുക.**



# കുടുംബം ഫലസമൃദ്ധിയുള്ളതാകുമ്പോൾ

റവ. ഫാ. ജിൻസൺ ജോസഫ് മുകളേൽ CMF

സഭയുടെ ഫലസമൃദ്ധിയുടെ കാലമായ കൈത്താക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. സഭയുടെ ഏറ്റവും ചെറിയ പതിപ്പായ കുടുംബമാണ് ഫലം പുറപ്പെടുവിക്കാൻ യോഗ്യമായ നിലം. എന്നാൽ ഈ നിലമൊരുക്കുന്നതിൽ ഏറെ ശ്രദ്ധ പുലർത്താൻ നാമിന്നു മറന്നുപോകുന്നുണ്ടോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കന്മാരും മക്കളും ഒത്തൊരുമിച്ചു പ്രാർത്ഥനയിലധിഷ്ഠിതമായതും ദൈവഹിതപ്രകാരമുള്ളതുമായ ഒരു ജീവിതം നയിക്കുമ്പോഴാണ് ഈ നിലമൊരുക്കൽ പൂർണ്ണമാവുക. ഇന്ന് അതിനു തടസ്സമായി നിൽക്കുന്ന സാഹചര്യങ്ങളും അവയെ പരിഹരിക്കുന്നതിനുള്ള മാർഗങ്ങളുമാണ് ഈ ലേഖനത്തിൽ പറഞ്ഞുവയ്ക്കുന്നത്.

### നമ്മുടെ വീട്ടിലെ അന്തരീക്ഷം എങ്ങനെയുള്ളതാണ്?

ഒരു കുഞ്ഞിനെ ഏറ്റവും മികച്ച രീതിയിൽ വളർത്തിക്കൊണ്ടു വരണം എന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. എന്നാൽ നമ്മുടെ വീടിന്റെ അന്തരീക്ഷം നെഗറ്റീവ് എനർജിയാണ് സൃഷ്ടിക്കുന്നതെങ്കിൽ കുഞ്ഞുങ്ങളോട് അതിലധികം ക്രൂരതയൊന്നും ചെയ്യാനില്ല. എന്തൊക്കെയാണ് ഒരു വീട്ടിലും പരിസരത്തും നെഗറ്റീവ് എനർജി നിറയ്ക്കുന്ന കാര്യങ്ങൾ?

### സ്നേഹമില്ലായ്മ

തിരിച്ച് വീട്ടിലേക്കു മടങ്ങുവാൻ എത്ര കുട്ടികൾക്ക് സന്തോഷമുണ്ട് എന്നു ചോദിച്ചാൽ പകുതി കുട്ടികൾക്ക് മാത്രമേ വീട്ടിലേക്ക് മടങ്ങാൻ താത്പര്യമുള്ളൂ എന്ന് അവർ ഉത്തരം പറയും. പോകാൻ വേറെ വല്ല സ്ഥലവും ഉണ്ടായിരുന്നെങ്കിൽ എത്ര പണ്ടേ അവർ പോയേനെ! ഇത് അപകട സൂചനയാണ്. തിരിച്ച് വിളിക്കാൻ പ്രേരിപ്പിക്കുന്ന സ്നേഹമില്ലെങ്കിൽ ഒരു വീട് വീടാണോ? ഭാര്യയും ഭർത്താവും തമ്മിൽ തല്ലുന്ന വീട്ടിലേക്ക് ഏത് കുട്ടികയാണ് മടങ്ങാൻ ആഗ്രഹിക്കുക? മദ്യപിക്കുന്ന അപ്പനും സദാ പരാതി പറയുന്ന അമ്മയും ഒരു വീടിന്റെ ഐശ്വര്യം കെടുത്തും. മാതാപിതാക്കൾ പരസ്പരം സ്നേഹിക്കാത്ത സ്ഥലത്ത് മക്കൾ എങ്ങനെ സന്തോഷത്തിൽ വളരും?

### ടെക്നോളജി വാഴുന്ന വീട്

ഇന്ന് ടെക്നോളജിയാണ് വീട് ഭരിക്കുന്നത്. ജനിച്ചയുടനെ തന്നെ മൊബൈലിൽ ഹരിശ്രീ കുറിക്കുന്ന കുട്ടികളും സദാ അപ്ഡേഷൻസ് നോക്കുന്ന മാതാപിതാക്കളും ചേർന്ന് സൃഷ്ടി

ക്കുന്ന ടെക്നോളജിയുടെ ലോകത്ത് ചിരിക്കാനും വിശേഷങ്ങൾ പങ്കുവയ്ക്കാനും നാം മറന്നിരിക്കുന്നു. സന്തോഷ് എച്ചിക്കാനം, കൊമാല എന്ന കഥയിൽ എഴുതിയതുപോലെ മരിച്ച മനുഷ്യർ എന്തിനോവേണ്ടി ഇടപെടുന്ന നാടായി ഈ ദേശം മാറിക്കഴിഞ്ഞിരിക്കുന്നു. ടെക്നോളജി ആ പഴയ കുഴലൂത്തുകാരനെപ്പോലെ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. നമ്മുടെ പരിസരങ്ങളിൽ എന്താണ് സംഭവിക്കുന്നത്? കടയിൽ സാധനം മേടിക്കാൻ ചെല്ലുമ്പോൾ ഉടമസ്ഥൻ നമ്മുടെ കണ്ണിൽ നോക്കാതെ അയാളുടെ ഫോണിൽ നോക്കിയാണ് സാധനം തരുന്നത്. ഡ്രൈവർമാർ ബ്ലൂടൂത്ത് സ്പീക്കറിൽ സംസാരിച്ച് വാഹനങ്ങൾ ഓടിക്കുന്നു. ബസിൽ അടുത്തിരിക്കുന്നവർ ഇയർ ഫോണിന്റെ ലോകത്താണ്. യുവതീ യുവാക്കൾ വെബ് സീരിസ്സിനും കുഞ്ഞുങ്ങൾ കൊറിയൻ പാട്ടിനും അടിമപ്പെട്ടിരിക്കുന്നു. മതിവരാതെ സന്തോഷം തേടി ടെക്നോളജിക്ക് പിന്നാലെ പായുമ്പോൾ വീടുകളിൽ രാത്രി പകലാകുന്നു. ടെൻഷനും കറന്റ് ചാർജും കൂടുന്നു.

## വീട്ടിൽ മുഴങ്ങുന്നതെന്ത്?

മലീമസമായ വാർത്തകൾ മുഴങ്ങുന്ന ഒരിടമായി ഒരുപാടു വീടുകൾ മാറിക്കഴിഞ്ഞിരിക്കുന്നു. ഓരോ തവണയും ന്യൂസ് ചാനലുകൾ കാണുമ്പോൾ, ടി.വി. സീരിയൽ കാണുമ്പോൾ, അതിനെപ്പറ്റിയുള്ള ചർച്ചകൾ നടത്തുമ്പോൾ വീട് നെഗറ്റീവ് എനർജിയിലേക്ക് പോകുന്നു. സാധനങ്ങളുടെ വില കൂടുമ്പോൾ നമ്മുടെ ഭാഷ ഇങ്ങനെയാണ്, "ഈ വിലക്കയറ്റത്തിൽ എങ്ങനെ ജീവിക്കാനാവും?" കുട്ടി പഠിക്കാത്തപ്പോൾ "ഇവനൊന്നും പഠിക്കുന്നില്ല.... ഇവൻ എങ്ങനെ ജീവിക്കും?" രണ്ടാളുകൾ കണ്ടുമുട്ടുമ്പോൾ "എന്നാ പറ്റിയെടീ.... ഭയങ്കര ക്ഷീണമാണല്ലോ" ഇങ്ങനെ നെഗറ്റീവായ ഈ സംസാരം അന്തരീക്ഷത്തെ മലീമസമാക്കുന്നു. ഈ അസ്വസ്ഥത നിറഞ്ഞ മനസ്സുമായി ഓഫീസിലും സ്കൂളിലും ചെല്ലുമ്പോൾ അവിടെയുള്ളവരും നെഗറ്റീവ് എനർജിക്ക് വശംവദരാകുന്നു.

## കഴിഞ്ഞ വർഷങ്ങളിൽ സംഭവിച്ചത്

ഡേറ്റ കുറഞ്ഞ ചിലവിൽ ഉപയോഗിക്കാൻ പ്രലോഭിപ്പിച്ച അംബാനിയുടെ ഐഡിയായിൽ വീഴാത്ത ഇന്ത്യക്കാരുണ്ടോ? ഇപ്പോൾ മൊബൈൽ ചാർജ് എത്രകൂട്ടിയാലും അത് മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ ഒന്നാക്കി മാറ്റാൻ ജിയോയ്ക്ക് കഴിഞ്ഞു. അതുപോലെ തന്നെ ബ്രാൻഡഡ് സോപ്പ്, സോപ്പുപൊടി, തുണി എന്നിവയെല്ലാം ഉപയോഗിക്കാൻ നമ്മൾ പഠിച്ചു. നടക്കുന്നത് ഔട്ട് ഓഫ് ഫാഷനായി. പുറത്തുപോയി ഭക്ഷണം കഴിക്കുന്നത് കേമമായി. എവിടെയും നിറയുന്നത് പരസ്യങ്ങൾ. അങ്ങനെ ഈ ലോകത്ത് ജീവിക്കണമെങ്കിൽ ഇങ്ങനെയൊക്കെ കാട്ടിക്കൂട്ടണം എന്ന ഉപഭോഗ സംസ്കാര ചിന്തയിൽ എട്ടുകാലിവലയിൽപെട്ട പ്രാണിയെപ്പോലെ നമ്മൾ മരണവേദനയനുഭവിക്കുന്നു. സാധനങ്ങൾ കൂടുന്തോറും ആനന്ദം കുറയുന്നു എന്നത് മറക്കാതിരിക്കാം.

## തുടക്കം എവിടെനിന്ന്?

നെഗറ്റീവ് എനർജിയുടെ തുടക്കം ചിന്തയിൽനിന്നാണ്. മനസ്സിന് നമ്മെ ആകുലപ്പെടുത്താൻ ഒരു പ്രത്യേക താത്പര്യം തന്നെ ഉണ്ട്. അതുകൊണ്ട് ചിന്തയിൽ നിറയുന്ന നെഗറ്റീവിനെ തിരിച്ചറിയാൻ തുടങ്ങുമ്പോൾ മുതൽ നമ്മുടെ മാനസാന്തരം ആരംഭിക്കുന്നു. എനിക്ക് പോസിറ്റീവ് എനർജിയിലേക്ക് വളരണം എന്ന ചിന്തയെ പുഷ്ടിപ്പെടുത്താൻ താഴെക്കൊടുത്തിരിക്കുന്ന കാര്യങ്ങൾ സഹായിക്കും.

- അത്യാവശ്യം ഉള്ളപ്പോൾ മാത്രം ഫോൺ ഉപയോഗിക്കുക.
- രാവിലെ എഴുന്നേറ്റ് ആദ്യ ഒരു മണിക്കൂറും ഉറങ്ങുന്നതിനു മുമ്പുള്ള ഒരു മണിക്കൂറും ടെക്നോളജി ഉപയോഗിക്കാതിരിക്കുക.

- ഒരു മണിക്കൂർ നിർബന്ധമായും പ്രാർത്ഥിക്കുകയോ ധ്യാനിക്കുകയോ ചെയ്യുക.
- ആരുടേയും കുറ്റം പറയാതിരിക്കുക. പോസിറ്റീവായി മാത്രം സംസാരിക്കുക.
- രാത്രി പത്തു മണിക്ക് കിടക്കുക. നന്നായി ഉറങ്ങുക. നേരത്തെ എഴുന്നേറ്റ് ശാരീരിക വ്യായാമങ്ങൾ നടത്തുക.
- നല്ല പുസ്തകങ്ങൾ വായിക്കുക, ഹോബികൾ വളർത്തിയെടുക്കുക.
- കുടുംബാംഗങ്ങളുമായി ഫോണില്ലാതെ ഒരുമിച്ചിരിക്കുക.
- ഉപഭോഗസംസ്കാരത്തിൽനിന്ന് ബോധപൂർവ്വം പുറത്തു കടക്കുക. ഉദാഹരണം ഒരു കിലോമീറ്റർ ദൂരം മാത്രമുള്ള യാത്രയ്ക്ക് വാഹനം ഉപയോഗിക്കാതെ നടക്കുക.

**പ്രാർത്ഥനയുടെ വഴി**

പ്രാർത്ഥിക്കണം എന്നു പറയുമ്പോൾ പലപ്പോഴും പലവിചാരം കൊണ്ടും ആവർത്തനവിരസതകൊണ്ടും ബോറടിപ്പിക്കുന്ന അനുഭവമാണ് പലർക്കും ഉള്ളത്. അതുകൊണ്ടു കുഞ്ഞുങ്ങളെ ഇന്നു പ്രാർത്ഥിക്കാൻ മാതാപിതാക്കൾ പോലും പഠിപ്പിക്കുന്നില്ല. ഫലമോ, ആനന്ദത്തിലേക്കുള്ള ഏറ്റവും മികച്ച വഴി നമുക്ക് നഷ്ടമാകുന്നു. നമ്മുടെ ഉള്ളിൽ വസിക്കുന്ന ദൈവാത്മാവിനെ സന്തോഷിപ്പിക്കാൻ പ്രാർത്ഥനയ്ക്കു മാത്രമേ സാധിക്കൂ. മറ്റെല്ലാ ആനന്ദങ്ങളും താത്ക്കാലികമാണ്. എന്നാൽ പ്രാർത്ഥന നമ്മെ മാറ്റിമറിക്കും. അരി ചോറാക്കുമ്പോൾ നമ്മൾ അടുപ്പിൽ ഊതുന്നു. ഊതുന്നതും തീ കത്തുന്നതും ഒരുപോലെ തന്നെ. എന്നാൽ ഒരുമണിക്കൂർ കഴിയുമ്പോൾ ചോറ് റെഡി. ഇതുപോലെ ഓരോ നിമിഷവും പ്രാർത്ഥനയിൽ മുന്നോട്ടുപോകുമ്പോൾ അന്തരീക്ഷം മാറാൻ തുടങ്ങും. ദൈവാത്മാവ് പ്രവർത്തിക്കാൻ തുടങ്ങും. ആ അനുഭവത്തിന്റെ തലത്തിൽ മറ്റെല്ലാം നിസ്സാരമായി നമുക്ക് അനുഭവപ്പെടും. പ്രാർത്ഥിച്ചു തുടങ്ങൂ, ഹൈ പോസിറ്റീവ് എനർജിയാൽ, ദൈവിക ശക്തിയാൽ നമ്മൾ നിറയും. കാരണം ശരിയായ ദൈവാനുഭവത്തിലേക്ക് എത്താൻ അത് നമ്മെ സഹായിക്കും. പ്രാർത്ഥനയിൽ തീർച്ചയായും നന്ദി പ്രകാശനവും സ്തുതിപ്പും ഉണ്ടാവണം. ഒപ്പം ഓരോ സാഹചര്യത്തിലും മുന്നോട്ടുപോകാനുള്ള കരുത്തും ചോദിക്കണം. പ്രാർത്ഥിച്ചുതുടങ്ങുമ്പോൾ മുതൽ നമ്മുടെ രൂപാന്തരീകരണം ആരംഭിക്കുകയായി. ഓരോ തവണയും ദൈവസാന്നിദ്ധ്യസ്മരണയിൽ ജീവിക്കുമ്പോൾ നമ്മൾ ജ്വലിക്കാൻ തുടങ്ങും. ആ ജ്വലനമാണ് ഇന്ന് എനിക്ക്, നിങ്ങൾക്ക്, ഭൂമിക്കാവശ്യം.




## നിന്നെയും വിളിക്കുന്നു

☞ നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....

☞ വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....

☞ കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., Kottayam - 686 018, Ph: 0481-2578192**



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

ലിജോ കരിന്തകരയ്ക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**

പരി. അമ്മേ, അനുദിന ജീവിതസാഹചര്യങ്ങളെ "ഇതാ കർത്താവിന്റെ ദാസി" എന്നു പറഞ്ഞു സ്വീകരിക്കുവാനും സകല സൗഭാഗ്യങ്ങളാലും മുടിചൂടി നിൽക്കുന്ന സഭയോടു ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തുവാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**രണ്ടാം ദിവ്യരഹസ്യം:**

ഏലീശ്വായെ ശുശ്രൂഷിച്ച പരി. അമ്മേ, കൂടുതൽ എളിമപ്പെടുവാനും മറ്റുള്ളവരെ സ്നേഹിക്കുവാനും അവർക്കു സേവനം ചെയ്യുവാനും അങ്ങനെ നൂറുമേനി ഫലം പുറപ്പെടുവിക്കുവാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**മൂന്നാം ദിവ്യരഹസ്യം:**

പരി. അമ്മേ, സാമ്പത്തിക ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ കാലിത്തൊഴുത്തിനെ ധ്യാനിക്കുവാനും ദൈവരാജ്യത്തിന് യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**നാലാം ദിവ്യരഹസ്യം:**

പരി. അമ്മേ, അമ്മ ഉണ്ണീശോയെ ദൈവാലായത്തിൽ സമർപ്പിച്ചതുപോലെ ജീവിതത്തിലേക്കു കടന്നുവരുന്നതെല്ലാം ദൈവതിരുമുൻപിൽ സമർപ്പിക്കുവാനും നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കുവാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**അഞ്ചാം ദിവ്യരഹസ്യം:**

പരി. അമ്മേ, കാണാതെ പോയ തിരുക്കുമാരനെ മൂന്നാം ദിവസം ദൈവാലയത്തിൽ കണ്ടെത്തിയതുപോലെ ജീവിതത്തിൽ ഈശോയെ നഷ്ടപ്പെടുന്ന നിമിഷങ്ങളിൽ അവിടുത്തെ അന്വേഷിച്ചു കണ്ടത്തുവാനും മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

നിരന്തരം പോരാടിയ നീതിമാന്മാരുടെ ഓർമ്മ
സൂര്യനെപ്പോലെ പ്രകാശിക്കട്ടെ...
പ്രശസ്തി അവരെ അഹങ്കാരികളാക്കിയില്ല.
അപമാനം അവരെ നിരാശരാക്കിയില്ല.
അവരുടെ ഉപ്പ് അവരിൽ സദാ നിലനിന്നു,
അവരുടെ സത്കർമ്മങ്ങളുടെ പരിമളം നിലച്ചുപോയില്ല.
കച്ചവടക്കാരൻ തന്റെ സുഗന്ധദ്രവ്യങ്ങളുടെ പരിമളം
പരത്തുന്നതുപോലെ, അവരിലൂടെ എല്ലാ ഹൃദയങ്ങളിലേക്കും
സ്നേഹം സൗരഭ്യം പരത്തുന്നു.
തങ്ങളുടെ ശ്രോതാക്കൾക്ക് അവർ രുചി പകരുന്നു.
തങ്ങളുടെ ശിഷ്യർക്ക് അവർ ജീവൻ നേടിക്കൊടുക്കുന്നു.
അവരുടെ നിക്ഷേപത്തിൽനിന്ന് അവരുട
സത്കർമ്മങ്ങളുടെ സൗരഭ്യം കാറ്റിൽ പരത്തുന്ന
നല്ലവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

**മാർ അപ്രേം, സഭാഗീതം 32,4-5**



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th July 2022

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"നൂറുമടങ്ങു ഫലം നൽകും
ശാഖകളായ് നാം തീരേണം
അനുതാപത്തിൻ കണ്ണീരാൽ
പാപക്കറകളകറ്റേണം.
നിഖിലവുമറിയും വല്ലഭനേ
വളവും ജലവും നൽകണമേ
അതുവഴി ഞങ്ങളുമേകട്ടെ
സഭയാം തരുവിനു ഫലഭാരം"
(കൈത്താക്കാലം, ചൊവ്വ - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph:0481- 2578192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal